

VOL NO: 05 I ISSUE 51
www.nerpatham.com
mail@nerpatham.com
2021 DECEMBER 25 I ₹12

# നേർപഥം

വാരിക

# യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൈവവും

വളരെ സങ്കീർണമാണ് ക്രൈസ്തവ ദൈവസങ്കൽപം. പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വത്തിലൊരാളാണ് യേശുവെന്നും എന്നാൽ അതേ യേശു തന്നെ ദൈവമാണെന്നുമാണ് ക്രൈസ്തവർ വാദിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ ഈ വിചിത്ര ദൈവസങ്കൽപം യേശു തന്നെയും അംഗീകരിച്ചിരുന്നോ? ഇല്ലെന്നാണ് മഹാനായ അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽ നിന്ന് ബോധ്യപ്പെടുന്നത്.

- ‘പരിഗണന’യെ പരിഗണിക്കുക

- തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം
- നവോത്ഥാന ചരിത്രത്തിലെ വെള്ളിനക്ഷത്രം
- വിവാഹപ്രായം ഉയർത്തൽ; ലക്ഷ്യം സ്ത്രീ ശാക്തീകരണമോ?

കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244

WhatsApp: 9207525244




WISDOM BOOKS

PUBLISHING II DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

ഹുസൈൻ സലഫിയുടെ

**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**

എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന

4 പുസ്തകങ്ങൾ

ഇപ്പോൾ വെറും **500** രൂപക്ക്...!!!

ഈ ഓഫർ ഡിസംബർ 5 മുതൽ ജനുവരി 15 വരെ

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION

UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay

BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

# 0257
# നേർപഥം
വാരിക

2021 ഡിസംബർ 25
1442 ജുമാദൽ അവ്വൽ 20
പുസ്തകം 05 / ലക്കം 51

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002


Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






## യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൈവവും
സലീം പട്‌ല

**05**
**മുഖമൊഴി**
വിവാഹപ്രായം ഉയർത്തൽ;
ലക്ഷ്യം സ്ത്രീ ശാക്തീകരണമോ?
എഡിറ്റർ

**06**
**ലേഖനം**
തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം
സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

**18**
**ലേഖനം**
പി. സെയ്ദ് മൗലവി
ദുൽക്കർഷാൻ അലനല്ലൂർ

**23**
**ലേഖനം**
'പരിഗണന'യെ പരിഗണിക്കുക
അബൂതൻവീൽ

**26**
**ചരിത്രപഥം**
ഹുദയ്ബിയ കരാറിന്റെ പ്രസക്തി
ഹുസൈൻ സലഫി, ഷാർജ

**31**
**ക്വുർആൻ ദർശനം**
അത്ത്വൂർ
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**34**
**കാഴ്ച**
അനർഹമാകുന്ന വരുമാനം
ഇബ്നു അലി എടത്തനാട്ടുകര

ചലനങ്ങൾ

# വിവാഹപ്രായം ഉയർത്താനുള്ള നീക്കത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണം: വിസ്ഡം

കോഴിക്കോട്: രാജ്യത്തെ പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടിൽനിന്ന് ഇരുപത്തിയൊന്നിലേക്ക് ഉയർത്തുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും ഈ നീക്കത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നും വിസ്ഡം സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. ലോകത്തെ 160 ഓളം രാജ്യങ്ങളിൽ പെൺകുട്ടികൾക്ക് വിവാഹം കഴിക്കാനുള്ള കുറഞ്ഞ പ്രായം 18 വയസ്സോ അതിനു താഴെയോ ആണ്.

വ്യത്യസ്ത ജനവിഭാഗങ്ങൾ വ്യത്യസ്ത സാമൂഹികാന്തരീക്ഷത്തിൽ ജീവിക്കുന്ന ഇന്ത്യയിൽ ഇത്തര മൊരു നിയമം കാര്യങ്ങളെ കൂടുതൽ സങ്കീർണതയിലാക്കുകയും ദരിദ്ര കുടുംബങ്ങളെ ആശങ്കയിലാഴ്ത്തു കയും ചെയ്യും.

രാജ്യത്തെ കോടിക്കണക്കിന് വരുന്ന ഗോത്ര വർഗങ്ങളെയും പിന്നാക്ക വിഭാഗങ്ങളെയും ഗുരുതരമായി ബാധിക്കുന്ന നിയമമാണിത്. ഈ വിഷയത്തിൽ ജനപ്രതിനിധികളും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ക്രിയാത്മകമായി ഇടപെടണമെന്നും യോഗം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷനായി. അബൂബക്കർ സലഫി, ജന: സെക്രട്ടറി ടി.കെ അശ്റഫ്, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസുബ്നു സലീം, അബ്ദുൽ മാലിക് സലഫി, ഹുസൈൻ കാവനൂർ, കെ. സജ്ജാദ് തുടങ്ങിയവർ പങ്കെടുത്തു.

# അവകാശനിഷേധങ്ങളിലൂടെ സമുദായത്തെ ദുർബലപ്പെടുത്തരുത്: വിസ്ഡം യൂത്ത്

മലപ്പുറം: ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും ശാക്തീകരണത്തിനുമായി ഇന്ത്യൻ ഭരണഘടന നൽകുന്ന അവകാശങ്ങൾ നിഷേധിക്കുകയും സമുദായത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന തീരുമാനങ്ങൾ അധികാരികളിൽനിന്നുണ്ടാകുന്നത് ആശങ്കയുണ്ടാക്കുന്നുവെന്ന് വിസ്ഡം യൂത്ത് പ്രൊഫഷണൽ വിംഗ് സംസ്ഥാന സമിതി സംഘടിപ്പിച്ച ലീഡേഴ്സ് ക്യാമ്പ് അഭിപ്രായപ്പെട്ടു. പൗരത്വ ഭേദഗതി ബില്ലിനെതിരെയുള്ള സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുകയും സച്ചാർ സമിതിയുടെ നിർദേശം നടപ്പിലാക്കാനുള്ള സ്കോളർഷിപ്പുകളിലും സംവരണങ്ങളിലും ഉണ്ടായ ആശങ്കകൾ പരിഹരിക്കുകയും വേണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു.

2022 ജനുവരി 8,9 തീയതികളിലായി വിസ്ഡം യൂത്ത് സംസ്ഥാന സമിതി പെരിന്തൽമണ്ണയിൽ വെച്ച് സംഘടിപ്പിക്കുന്ന 'പ്രൊഫെയ്സ്' പ്രൊഫഷണൽ ഫാമിലി കോൺഫറൻസിന്റ ഭാഗമായി നടന്ന പ്രൊഫഷണൽ നേതൃസംഗമം നജീബ് കാന്തപുരം എംഎൽഎ ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വൈ.പ്രസിഡന്റ് പ്രൊഫ.ഹാരിസ്ബിൻ സലീം, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ജംഷീർ സ്വലാഹി, ഡോ.പി.പി നസീഫ്, പി.യു സുഹൈൽ, പി.യു റസീൽ, ഡോ. നജ്മുദ്ദീൻ, ഡോ. അബ്ദുൽ മാലിക്, ഡോ.മുബശ്ശിർ, ഡോ.അബ്ദുല്ലത്തീഫ്, ഡോ.സമാൻ പ്രസംഗിച്ചു.

പ്രൊഫ.ഹാരിസ് ബിൻ സലീം ചെയർമാനും കെ. താജുദ്ദീൻ സ്വലാഹി ജനറൽ കൺവീനറുമായി വിപുലമായ സ്വാഗത സംഘം രൂപീകരിച്ചു. പ്രൊഫഷണൽ ഹബ്, ഫാമിലി കൗൺസിലിംഗ്, കേസ് ഡിസകഷൻ, പ്രചാരണം, ലിറ്റിൽ വിംഗ്സ്, ടീൻസ് കോർണർ, മോട്ടിവേഷൻ പെപ്ടാക്സ്, പിങ്ക് ക്ലബ്, റിസോഴ്സ് സ്കിൽ ഡവലപ്മെന്റ്, ബുക് ഫെയർ, എക്സിബിഷൻ, ഐടി കോർണർ എന്നിവയ്ക്ക് രൂപം നൽകി.

മുഖമൊഴി

# വിവാഹപ്രായം ഉയർത്തൽ; ലക്ഷ്യം സ്ത്രീ ശാക്തീകരണമോ?

**പെ**ൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കി ഉയർത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സമൂഹത്തിൽ വലിയ തോതിൽ ചർച്ചചെയ്യപ്പെടുകയാണ്. വാസ്തവത്തിൽ 1978 മുതൽ തന്നെ സ്ത്രീകളുടെ നിയമപരമായ വിവാഹപ്രായം ഇന്ത്യയിൽ 18 വയസ്സാണ്. എന്നാൽ ഈ നിയമം കർശനമാക്കാൻ തുടങ്ങിയത് അടുത്തകാലത്തു മാത്രമാണ്. അതിന്റെ ഫലം കണ്ടുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

2005-06 കാലഘട്ടത്തിൽ 47 ശതമാനം സ്ത്രീകളും 18 വയസ്സിന് മുമ്പ് വിവാഹിതരായപ്പോൾ 2019-20 ആയപ്പോഴേക്കും ഇത് 23 ശതമാനമായി കുറഞ്ഞിരിക്കുന്നുവെന്ന് ഏറ്റവും പുതിയ കണക്കുകൾ വ്യക്തമാക്കുന്നു. നിയമം നടപ്പിലാക്കുന്നവർ തങ്ങളുടെ ഉത്തരവാദിത്തം സത്യസന്ധമായി നിർവഹിക്കുകയാണെങ്കിൽ ഈ ഗ്രാഫ് ഇനിയും താഴേക്കു വരുമെന്നതിൽ സംശയമില്ല. ലോകത്തിൽ ഏറ്റവും കൂടുതൽ പ്രായപൂർത്തിയാകാത്ത വധുക്കളുള്ള രാജ്യമായി ഇന്ത്യ തുടരുന്നത് നിലവിലുള്ള നിയമങ്ങൾ പാലിക്കാത്തതിനാലാണ് എന്ന വസ്തുത മറച്ചുവെച്ചുകൊണ്ടാണ് വിവാഹപ്രായം ഇനിയും ഉയർത്താനുള്ള തീരുമാനവുമായി സർക്കാർ മുന്നോട്ടുപോകുന്നത്.

വിവാഹപ്രായം ഉയർത്തുന്നത് സ്വന്തം ജീവിതത്തിലും വ്യക്തിപരമായ തിരഞ്ഞെടുപ്പുകളിലുമുള്ള സ്ത്രീകളുടെ അവകാശങ്ങളെ ബാധിക്കും എന്നത് ഒരു ഫെമിനിസ്റ്റിനെയും അലോസരപ്പെടുത്തുന്നതായി കാണുന്നില്ല.

വിവിധ സമുദായങ്ങൾക്ക് ബാധകമായ വ്യക്തിനിയമങ്ങൾ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. അതിനാൽ വിവാഹപ്രായം സാർവത്രികമാക്കുന്നത് അത്തരം നിയമങ്ങളെ ബാധിക്കുമെന്ന് പൊതുവെ കണക്കാക്കപ്പെടുന്നുണ്ട്. ഏകസിവിൽകോഡ് നടപ്പിലാക്കുന്നതിലേക്കുള്ള ഒരു കാൽവയ്പുകൂടിയാണിത് എന്നതിൽ സംശയമില്ല. സർക്കാരിന്റെ ലക്ഷ്യം ഇതൊക്കെയാണെന്നും അല്ലാതെ കൊട്ടിഘോഷിക്കുന്നതുപോലെ സ്ത്രീ ശാക്തീകരണമല്ലെന്നും മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

സർക്കാർ ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിൽ ഫലപ്രദമായ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല എന്നിരിക്കെ പഠനത്തിനും ജോലിക്കും പെൺകുട്ടികൾക്ക് സൗകര്യമൊരുക്കാനെന്ന പേരിൽ വിവാഹപ്രായമുയർത്തുന്നതിൽ എന്ത് കഴമ്പാണുള്ളത്? തൊഴിൽ വിപണിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും അവരുടെ ശാരീരിക ക്ഷേമം ഉറപ്പാക്കുന്നതിനും ഉന്നത വിദ്യാഭ്യാസം നൽകുന്നതിനും ദരിദ്ര കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും കോടികൾ ചെലവഴിക്കുക എന്ന അധിക ബാധ്യത സർക്കാർ നിർവഹിക്കുമോ? പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും മുറപോലെ നടക്കുന്നുണ്ട്. എന്നാൽ അവയിൽ എത്രശതമാനം നടപ്പിലാക്കപ്പെടുന്നുണ്ട്?

പരസ്പരാനുമതിയോടെ ലൈംഗികബന്ധത്തിലേർപ്പെടാനുള്ള പ്രായപരിധി 18ൽ നിന്ന് 16 ആയി കുറച്ചുകൊണ്ടുള്ള ക്രിമിനൽനിയമ ഭേദഗതി പി. ചിദംബരത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാ സമിതി തീരുമാനിച്ചത് 2013 മാർച്ച് 14നാണ്. ഇതിന്റെ പ്രാബല്യത്തോട് കൂടി പതിനാറും പതിനേഴും വയസ്സുള്ള ദമ്പതിമാർ ഒരുമിച്ച് ജീവിക്കുന്നത് കണ്ട് കേസെടുക്കാൻ ശ്രമിച്ചാൽ മാര്യേജ് സർട്ടിഫിക്കറ്റ് ഒളിപ്പിച്ചുവെച്ച് തങ്ങൾ ഉഭയകക്ഷി സമ്മതപ്രകാരം മാതാപിതാക്കളിൽനിന്ന് ഒഴിഞ്ഞുമാറി താമസിക്കുകയാണെന്ന് പറഞ്ഞാൽ അവർ നിയമനടപടികളിൽനിന്ന് രക്ഷപ്പെടും. തങ്ങൾ ഭാര്യാഭർത്താക്കന്മാരാണെന്നു പറഞ്ഞാൽ ശിക്ഷിക്കപ്പെടുകയും ചെയ്യും! ധാർമികതയ്ക്ക് വിരുദ്ധമായി ജീവിക്കുന്നവർക്ക് നിയമപരിരക്ഷയും ധാർമികജീവിതം നയിക്കുന്നവർക്ക് ശിക്ഷയും നൽകുന്ന വിചിത്രമായ നിയമ സംവിധാനം മറ്റേതു രാജ്യത്താണുള്ളത്?

സക്കീർ ഹുസൈൻ ഈരാറ്റുപേട്ട
mail@nerpatham.com

ലേഖനം



# തബ്‌ലീഗ് ജമാഅത്ത്: ഒരു പഠനം

3

**'ഗൈബിയായ സഹായത്തിന്റെ ഒരു സംഭവം'**

മുകളിൽ കൊടുത്ത തലക്കെട്ടിൽ 'നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ' എന്ന ഗ്രന്ഥത്തിൽ കൊടുക്കുന്ന ഒരു കഥ കാണുക:

"കൂഫയിൽ വിശ്വസ്തനായ ഒരു കൂലിക്കാരനുണ്ടായിരുന്നു. ആളുകൾക്ക് അയാളെ വലിയ വിശ്വാസമായിരുന്നത് കൊണ്ട് കച്ചവടക്കാർ അവരുടെ സാധനങ്ങളും പണങ്ങളും അയാൾവശം കൊടുത്തയക്കുക പതിവായിരുന്നു. ഒരുദിവസം അയാൾ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ വഴിമധ്യേ മറ്റൊരു യാത്രക്കാരനുമായി കണ്ടുമുട്ടി. യാത്രക്കാരൻ 'നിങ്ങൾ എവിടെ പോവുകയാണ്?'എന്നു ചോദിച്ചതിന് ഇന്ന പട്ടണത്തിൽ പോകുകയാണെന്ന് മറുപടി പറഞ്ഞു. യാത്രക്കാരൻ 'ഞാനും അവിടേക്ക് വരികയാണ്. താങ്കളോടൊപ്പം നടന്നു വരുന്നതിന് എനിക്കു കഴിയുകയില്ല. ഒരു ദീനാർ കൂലി തരാം. എന്നെക്കൂടി അവിടെ എത്തിക്കണം' എന്ന് ആവശ്യപ്പെട്ടു. കൂലിക്കാരൻ അത് സമ്മതിച്ച് അയാളെക്കൂടി കോവർ കഴുതയുടെ പുറത്ത് കയറ്റി യാത്ര ആരംഭിച്ചു. ഒരു വഴിമുക്കിൽ എത്തിയപ്പോൾ ഏതു വഴിയേ പോകണമെന്ന് യാത്രക്കാരൻ ചോദിച്ചു. സാധാരണ പോകുന്ന വഴി കൂലിക്കാരൻ കാണിച്ചുകൊടുത്തു. എന്നാൽ മറ്റേ വഴി വളരെ എളുപ്പമാണെന്നും കഴുതയെ മേ

യ്ക്കുന്നതിനുള്ള സൗകര്യമുണ്ടെന്നും താൻ പല പ്രാവശ്യം അതുവഴി യാത്ര ചെയ്തിട്ടുണ്ടെന്നും യാത്രക്കാരൻ പറഞ്ഞതനുസരിച്ച് ആ വഴിയേ യാത്രതിരിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ഭയങ്കരമായ ഒരു വനാന്തരത്തിൽ ആ വഴി ചെന്നവസാനിച്ചു. അവിടെ ധാരാളം ശവങ്ങളും കിടപ്പുണ്ടായിരുന്നു. പെട്ടെന്നു യാത്രക്കാരൻ ചാടിയിറങ്ങി അരയിൽ നിന്നും കഠാര വലിച്ചൂരി കൂലിക്കാരനെ കൊല്ലാൻ ശ്രമിച്ചു. കൂലിക്കാരൻ പേടിച്ചു വിറച്ചുകൊണ്ട് 'ഇങ്ങനെ ചെയ്യരുതേ! ഈ കോവർ കഴുതയും സാധനങ്ങളുമെല്ലാം എടുത്തുകൊള്ളുക. നിങ്ങളുടെ ഉദ്ദേശം അതാണല്ലോ. എന്നെ കൊല്ലാതെ വിട്ടയയ്ക്കുക' എന്നു കേണപേക്ഷിച്ചു. എന്നാൽ ആ ദുഷ്ടൻ സത്യം ചെയ്തു പറഞ്ഞു: 'ആദ്യം നിന്നെ കൊന്നതിനു ശേഷം ഈ സാധനങ്ങളെല്ലാം ഞാനെടുക്കും.' കൂലിക്കാരൻ എത്ര കരഞ്ഞു പറഞ്ഞിട്ടും ആ പരമദ്രോഹി അതൊന്നും സ്വീകരിച്ചില്ല.

അവസാനമായി കൂലിക്കാരൻ 'എനിക്ക് രണ്ടു റക്അത്ത് നമസ്കരിക്കുന്നതിനുള്ള അനുവാദം തരിക' എന്നാവശ്യപ്പെട്ടതിനെ സ്വീകരിച്ചു. ആ ദുഷ്ടൻ പരിഹസിച്ചു ചിരിച്ചുകൊണ്ട് പറഞ്ഞു: 'വേഗം നമസ്കരിച്ചുകൊള്ളുക. ഈ കിടക്കുന്ന ശവങ്ങളെല്ലാം അവരുടെ അന്ത്യഘട്ടത്തിൽ എന്നോടിതു തന്നെ ആവശ്യപ്പെട്ടിരുന്നു. പക്ഷേ, അവർക്കാർക്കും അവരുടെ നമസ്കാരം യാതൊരു പ്രയോജനവും ചെയ്തിരുന്നില്ല.' കൂലിക്കാരൻ നമസ്കരിക്കുവാൻ ആരംഭിച്ചു. ഫതിഹ ഓതി. പരിഭ്രമത്താൽ സൂറത്തൊന്നും ഓതുന്നതിന് ഓർമ വന്നില്ല. ആ ദുഷ്ടൻ 'വേഗം നമസ്കരിക്കുക' എന്ന് ഗർജിച്ചു. അവിചാരിതമായി അയാളുടെ നാക്കിൽ നിന്നും (ഗതി മുട്ടിയവൻ പരിഭ്രമിച്ചു വിളിക്കുമ്പോൾ അവന് ഉത്തരം കൊടുക്കുന്നവൻ ആരാണ്) എന്ന ആയത്തു പുറത്തുവന്നു. അപ്പോൾ അതിശീഘ്രം അവിടെ ഒരു യാത്രക്കാരൻ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ തലയിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന ഇരുമ്പുതൊപ്പിയും ധരിച്ചിരുന്നു. അദ്ദേഹം കയ്യിലിരുന്ന കുന്തംകൊണ്ട് ആ ദുഷ്ടനെ കുത്തിക്കൊലപ്പെടുത്തി. ആ ദ്രോഹി ചത്തുവീണ സ്ഥലത്തുനിന്നും തീജ്വാല പുറപ്പെടുന്നതായി കണ്ട കൂലിക്കാരൻ പെട്ടെന്ന് സുജൂദിലേക്കു വീണ് അല്ലാഹുവിനെ വാഴ്ത്തി. നമസ്കാരം കഴിഞ്ഞ് ആ യാത്രക്കാരന്റെ അടുക്കൽ ഓടിയെത്തി ചോദിച്ചു : 'നിങ്ങൾ ഏങ്ങനെ ഇവിടെയെത്തി?' 'ഞാൻ ഗതിമുട്ടിയവൻ പരിഭ്രമിച്ചു വിളിക്കുമ്പോൾ അവന് ഉത്തരം കൊടുക്കുന്നവന്റെ (അല്ലാഹുവിന്റെ) ദാസനാണ്. നീ എവിടെ പോകാനുദ്ദേശിക്കുന്നുവോ നിർഭയനായി അവിടേക്ക് പൊയ്ക്കൊള്ളുക' എന്ന് പറഞ്ഞ ശേഷം അദ്ദേഹം അപ്രത്യക്ഷനായി (നുഷ്ഹത്തുൽ മജാലിസ്).'' (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 16,17).

ബാലപ്രസിദ്ധീകരണത്തിലെ 'മായാവി' കഥയ്ക്കു സമാനമായ ഈ കഥയെക്കുറിച്ച് ചിന്തിച്ചു നോക്കുക. നമസ്കാരത്തിന്റെ മഹത്ത്വം പഠിപ്പിക്കാൻ കെട്ടിയുണ്ടാക്കിയ ഈ കഥക്ക് കൊടുത്ത തലക്കെട്ടുതന്നെ 'ഗൈബിയായ സഹായത്തിന്റെ സംഭവം' എന്നാണ്.

ഇനി മറ്റൊരു കെട്ടുകഥ കാണുക: ''ഇബ്നു അബ്ബാസ്ﷺ അവർകൾ പറയുന്നു: കൃഷികൾ തസ്ബീഹ് ചെയ്തുകൊണ്ടിരിക്കുന്നതും കൃഷിക്കാരന് അതിന്റെ സവാബ് ലഭിക്കുന്നതുമാണ്. ഒരു പ്രാവശ്യം റസൂലുല്ലാഹി സല്ലല്ലാഹു അലൈഹിവസല്ലമയുടെ സന്നിധിയിൽ സരീദ് നിറച്ച (തിക്കോളി-ഇറച്ചി ചേർത്ത് ഉണ്ടാക്കുന്ന ഒരിനം പലഹാരം) ഒരു പിഞ്ഞാൺ കൊണ്ടുവയ്ക്കപ്പെട്ടു. അപ്പോൾ തങ്ങൾ അരുളി: 'ഈ ആഹാരം തസ്ബീഹ് ചെയ്തുകൊണ്ടിരിക്കുന്നു.' ഒരാൾ ചോദിച്ചു: 'തങ്ങൾ അതിന്റെ തസ്ബീഹ് മനസ്സിലാക്കുന്നുണ്ടോ?' തങ്ങൾ അരുളി: 'ഹാ! ഞാൻ മനസ്സിലാക്കുന്നു.' അതിനു ശേഷം തങ്ങൾ ഒരാളോട് 'ഇത് ഇന്ന ആളിന്റെ അടുക്കൽ കൊണ്ടുവയ്ക്കൂ' എന്നു കൽപിച്ചു. അയാളുടെ അടുക്കൽ കൊണ്ടുവയ്ക്കപ്പെട്ടപ്പോൾ, അദ്ദേഹവും അതിന്റെ തസ്ബീഹിനെ കേട്ടു. തുടർന്ന് രണ്ടാമത് ഒരാളിന്റെയും മൂന്നാമത് മറ്റൊരാളിന്റെയും അടുത്ത് കൊണ്ടുവയ്ക്കപ്പെടുകയും അവരെല്ലാം അത് കേൾക്കുകയും ചെയ്തു. അപ്പോൾ ഒരാൾ 'കൂട്ടത്തിലുള്ള എല്ലാ ആളുകളെയും കേൾപിച്ചാലും' എന്നാവശ്യപ്പെട്ടു. എന്നാൽ കൂട്ടത്തിലുള്ള ആരെങ്കിലും അത് കേൾക്കാതിരിക്കുകയാണെങ്കിൽ അയാൾ പാപിയാണെന്ന് ജനങ്ങൾ മനസ്സിലാക്കിപ്പോകും എന്ന് തങ്ങൾ അതിനു മറുപടിയായരുളി'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 248).

ആഹാരം പോലുള്ള നിർജീവ വസ്തുക്കളുടെ തസ്ബീഹ് പാപികളല്ലാത്തവർക്ക് കേൾക്കാൻ കഴിയും എന്നാണ് ഗ്രന്ഥകർത്താവ് ഇതിലൂടെ സമർഥിക്കാൻ ശ്രമിക്കുന്നത്! ഇങ്ങനെയൊരാശയം അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചതായി തെളിയിക്കാൻ തബ്ലീഗുകാർക്ക് സാധ്യമാണോ? സ്വഹാബിമാർക്ക് നിർജീവ വസ്തുക്കളുടെയും മനുഷ്യരല്ലാത്ത ജന്തുജാലങ്ങളുടെയും സംസാരം കേൾക്കാനും മനസ്സിലാക്കാനും സാധിച്ചിരുന്നോ? അതിനു സാധിക്കാത്തവർ പാപികളാണെന്ന് അവർ മനസ്സിലാക്കിയിരുന്നോ?

ഈ അറിവിനെക്കുറിച്ച് ഗ്രന്ഥകാരൻ പറയുന്നത് കാണുക: ''ഇക്കാര്യങ്ങൾ 'കഷ്ഫു'മായി ബന്ധപ്പെട്ടതാണ്. കഷ്ഫ് എന്നാൽ അല്ലാഹുവുമായി അടുത്ത ആളുകൾക്ക് വെളിപ്പെടുന്ന ചില കാര്യങ്ങളാണ്. അത് എല്ലാവരും അറിഞ്ഞുകൊള്ളണമെന്നില്ല. നബിമാർക്ക് ഇക്കാര്യങ്ങൾ പൂർണമായ നിലയിൽ ഉണ്ടാകുന്നു...'' (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 248).

"എനിക്ക് നമ്മുടെ ഹല്റത് മൗലാനാ ഖലീൽ അഹ്മദ് സാഹിബ്(റഹ്:അ) അവർകളുടെ ചില ശിഷ്യന്മാരിൽ നിന്നും ഇപ്രകാരം അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതായത് അവരിൽ ആർക്കെങ്കിലും ഈ രീതിയിൽ 'കഷ്ഫ്' ഉണ്ടാവുകയാണെങ്കിൽ ഹല്റത് അവർകൾ ചില ദിവസത്തേക്ക് വളരെ മുഖ്യത്വം കൊടുത്ത് എല്ലാവിധ ദിക്റുകളിൽനിന്നും അവരെ തടുക്കുമായിരുന്നു. കാരണം അങ്ങനെ ചെയ്തില്ലെങ്കിൽ അഭിവൃദ്ധിയെ ആ അവസ്ഥ തടസ്സപ്പെടുത്തിക്കളയുന്നതാണ്. കൂടാതെ ഇതുകൊണ്ട് മറ്റുള്ളവരുടെ പാപങ്ങൾ വെളിപ്പെടുകയും അതുമുഖേന അവരുടെ മനസ്സിന് കലക്കമുണ്ടാവുകയും ചെയ്യുന്നു എന്ന കാരണത്താലും മഹാന്മാർ ഇതിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നതിന് ശ്രമിക്കാറുണ്ട്" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 249).

സ്വഹാബികളിലാർക്കെങ്കിലും ഇങ്ങനെയൊരു കശ്ഫിന്റെ അവസ്ഥയുണ്ടായിരുന്നോ-അതും ദിക്റുകൾ പോലും ചെയ്യാൻ പറ്റാത്തവിധം-എന്നൊന്നും ചോദിക്കരുത്. കഥയിൽ ചോദ്യമില്ലല്ലോ.

## ഇമാം അബൂഹനീഫയുടെ പേരിലും പച്ചക്കള്ളം

മറ്റൊരു കെട്ടുകഥ കാണുക: "അല്ലാമാ ഷഅ്റാനി 'മീസാനുൽകുബ്റാ' എന്ന കിതാബിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'ഇമാമുൽ അഅ്ളം അബൂ ഹനീഫാ(റഹ്:അ) അവർകൾ, ആരെങ്കിലും വുളൂഅ് ചെയ്യുന്നതായി കണ്ടാൽ, ആ വെള്ളത്തിൽ കൂടി പാപങ്ങൾ കഴുകപ്പെട്ടു പോകുന്നത് അദ്ദേഹത്തിന് കണ്ടറിയാൻ കഴിയുമായിരുന്നു. കൂടാതെ അത് വൻപാപമാണോ, ചെറുപാപമാണോ, മക്റൂഹാണോ, നല്ലതല്ലാത്തതാണോ എന്നും സാധാരണ രൂപമുള്ള വസ്തുക്കളെ കണ്ടറിയുന്നത് പോലെ അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞിരുന്നു. ഒരു ദിവസം അദ്ദേഹം കൂഫയിലുള്ള ജുംഅ മസ്ജിദിലെ വുളുവെടുക്കുന്ന സ്ഥലത്ത് പോയപ്പോൾ, അവിടെ ഒരു യുവാവ് വുളുവെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അയാളുടെ വുളൂഇന്റെ വെള്ളം വീഴുന്നത് കണ്ടിട്ട്, രഹസ്യമായി അയാളെ വിളിച്ച് 'മകനേ! മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുന്നതിൽ നിന്നും തൗബ ചെയ്യുക' എന്നുപദേശിച്ചു. അങ്ങനെ അയാൾ അതിൽനിന്നും തൗബ ചെയ്യുകയുണ്ടായി. മറ്റൊരാളെ ഇപ്രകാരം കണ്ടിട്ട് 'സഹോദരാ! വ്യഭിചരിക്കരുത്, അത് വളരെ നികൃഷ്ടമായ കുറ്റമാണ്' എന്നുപദേശിച്ചു. അയാളും വ്യഭിചാരത്തിൽനിന്നും തൗബ ചെയ്തു മടങ്ങി. വേറൊരാളിൽനിന്നും മദ്യപാനത്തിന്റെയും കളിതമാശയുടെയും വെള്ളം വീഴുന്നത് കണ്ടിട്ട്, അയാളെയും ഉപദേശിക്കുകയും അയാൾ തൗബ ചെയ്ത് മടങ്ങുകയും ചെയ്തു. അതിനു ശേഷം ഇമാം സാഹിബ് അവർകൾ 'അല്ലാഹുവേ! ഇക്കാര്യം എന്നിൽനിന്നും ദൂരീകരിക്കേണമേ! ഞാൻ ജനങ്ങളുടെ മോശനില കാണാൻ ഇഷ്ടപ്പെടുന്നില്ല' എന്ന് ദുആ ചെയ്തു. അല്ലാഹു തആലാ ഈ ദുആ സ്വീകരിക്കുകയും അദ്ദേഹത്തിൽനിന്ന് അത് നീക്കപ്പെടുകയും ചെയ്തു" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 250).

"ഹല്റത് മൗലാനാ ഷാഹ് അബ്ദുൽ റഹീം റായ്പൂരി(റഹ്:അ) അവർകളുടെ ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹം അനേകദിവസം മലമൂത്ര വിസർജ്ജനത്തിന് പോയിരുന്നില്ല. കാരണം എല്ലാ സ്ഥലങ്ങളും പ്രകാശങ്ങളാൽ നിറഞ്ഞതായി അദ്ദേഹം കണ്ടിരുന്നു. ഇപ്രകാരമുള്ള ആയിരക്കണക്കിന് സംഭവങ്ങളുണ്ട്. ആയതിനാൽ ഇതിൽ ഒരു സംശയത്തിനും അവകാശമില്ല. എന്നാൽ ഏത് ജനങ്ങൾക്ക് കഷ്ഫിന്റെ ഏതൊരംശം ലഭിക്കുന്നുവോ അതിന്റെ തോതനുസരിച്ച് അവസ്ഥകൾ അവർക്ക് വെളിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്" (ദിക്റിന്റെ മഹത്ത്വങ്ങൾ, പേജ് 250).

വുദൂഅ് എടുക്കുന്ന ആൾ തന്റെ അവയവങ്ങൾ കഴുകുന്നതിലൂടെ പ്രസ്തുത അവയവങ്ങൾ കൊണ്ട് ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുമെന്ന് ചില ഹദീഥുകളിൽ വന്നിട്ടുണ്ട്. ഒരു വിശദീകരണവും കൂടാതെ ഈ ഹദീഥുകളിൽനിന്ന് വുദൂഇന്റെ ശ്രേഷ്ഠത ആർക്കും മനസ്സിലാക്കാൻ കഴിയും. എന്നിട്ടും വുദൂഇന്റെ ശ്രേഷ്ഠത ജനങ്ങൾ മനസ്സിലാക്കാനെന്ന പേരിൽ ഒരു കള്ളക്കഥ വിവരിക്കുകയാണ് സകരിയ്യാ സാഹിബ് ചെയ്തിരിക്കുന്നത്.

അഹ്ലുൽ കശ്ഫിന് (ജ്ഞാന ദൃഷ്ടിയുള്ള മഹാന്മാർക്ക്) പാപങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത് കാണാൻ സാധിക്കുമെന്നാണ് ഇവരുടെ വിശ്വാസം. ഇങ്ങനെയൊരു കഴിവ് നൽകപ്പെടുമെന്നത് സത്യമാണെങ്കിൽ അത് ശ്രേഷ്ഠരായ സ്വഹാബികൾക്ക് ഉണ്ടാകേണ്ടതാണ്. എന്നാൽ അവരാരും തന്നെ തങ്ങളുടെയോ മറ്റുളവരുടെയോ പാപങ്ങൾ 'ഒഴുകിപ്പോകുന്നതായി' കണ്ടതിന് യാതൊരു തെളിവുമില്ല. മാത്രവുമല്ല 'കശ്ഫി'ലൂടെ സ്വഹാബികൾ ഇത് അറിഞ്ഞിരുന്നുവെങ്കിൽ, ഈ വിഷയം നബിﷺ അവരെ പ്രത്യേകം അറിയിക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. നബിﷺയുടെ മുമ്പാകെ തന്നെ എത്രയോ സ്വഹാബികൾ വുദൂഅ് ചെയ്തിരുന്നു. അത്തരം സന്ദർഭങ്ങളിൽ അവരുടെ പാപങ്ങൾ കഴുകപ്പെടുന്നത് നബിﷺ കണ്ടതായി ഒരിക്കൽ പോലും അവിടുന്ന് പറഞ്ഞത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

അതിശയോക്തികൾ കലർത്തി കഥകൾ മെനയുമ്പോൾ അതിന്റെ ഉള്ളടക്കം ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമായേക്കുമോ എന്നുപോലും ഗ്രന്ഥകാരൻ ചിന്തിച്ചിട്ടില്ല എന്നതിന്റെ മികച്ച ഉദാഹരണമാണ് ഈ കഥ. കാരണം വ്യഭിചാരം, മദ്യപാനം, മാതാപിതാക്കളോടുള്ള ധിക്കാരം ആദിയായ വൻപാപങ്ങൾ വുദൂഇലൂടെ മായ്ക്കപ്പെടുന്നതായി അബൂഹനീഫ(റഹ്) കണ്ടുവെന്നാണ്

ഈ കഥയിൽ പറയുന്നത്. എന്നാൽ വുദൂഅ് പോലുള്ള ഇബാദത്തുകളിലൂടെ ചെറുപാപങ്ങൾ മാത്രമെ പൊറുക്കപ്പെടുകയുള്ളൂ എന്ന വസ്തുതയാണ് നബിവചനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്.

തബ്‌ലീഗ് പ്രവർത്തകർ വട്ടമിട്ടിരുന്ന് 'തഅ്‌ലീം' നടത്തുമ്പോൾ സാധാരണ വായിക്കാറുള്ള ഒരു സൂഫി ഉദ്ധരണി കാണാം; സൂഫി കഥകളുടെ മറ്റൊരു സമാഹാരമായ 'നുസ്ഹത്തുൽ മജ്‌ലിസ്' എന്ന ഗ്രന്ഥത്തിൽ നിന്നാണത്രെ ഇത് ഉദ്ധരിച്ചിട്ടുള്ളത്.

"സൂഫിവര്യന്മാരിൽ പ്രസിദ്ധനായ ഷകീക് ബൽകി എന്ന മഹാൻ പറയുകയാണ്: 'ഞാൻ അഞ്ചു കാര്യങ്ങളെ തേടി അലഞ്ഞു. അവ അഞ്ചുസ്ഥലത്തു നിന്നും എനിക്ക് കിട്ടി. (1) ജീവിതാവശ്യങ്ങളിലുള്ള ബറക്കത്ത് ളുഹാനമസ്കാരത്തിൽ കണ്ടെത്തി. (2) ഖബറിന്റെ പ്രകാശം തഹജ്ജുദ് നമസ്കാരത്തിൽ കണ്ടെത്തി (3) മുൻകർ നകീറിന്റെ സുആലിനുള്ള ജവാബ് ഖുർആൻ ഓതുന്നതിൽ കണ്ടെത്തി. (4) സിറാത്ത് എളുപ്പം കടന്നുപോകുന്നതിനുള്ള മാർഗം നോമ്പിലും ദാനത്തിലും കണ്ടെത്തി (5) അർശിന്റെ തണൽ ഖൽവത്തിൽ (ഒറ്റയ്ക്കിരുന്ന് അല്ലാഹുവിനെ ധ്യാനിക്കുന്നതിൽ) കണ്ടെത്തി" (നമസ്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 27,28).



ദുഹാ നമസ്കാരം, തഹജ്ജുദ് നമസ്കാരം, ക്വുർആൻ പാരായണം, നോമ്പ്, സ്വദക്വ തുടങ്ങിയ സൽകർമങ്ങളുടെ മഹത്ത്വം വിവരിക്കാൻ പ്രബലവും വ്യക്തവുമായ ഹദീഥുകൾ വേണ്ടത്ര ഉണ്ടായിട്ടും ഇതുപോലുള്ള നുണക്കഥകളെക്കൊണ്ട് മഹത്ത്വം ചാർത്തേണ്ടതുണ്ടോ എന്ന് തബ്‌ലീഗ് സുഹൃത്തുക്കൾ ചിന്തിക്കുക. പ്രമാണങ്ങളെ അംഗീകരിക്കുന്നവർക്ക് ഇത്തരം കെട്ടുകഥകളുടെ ആവശ്യമില്ല.

സൂഫികൾ ക്വബ്റിൽ നടക്കുന്ന കാര്യങ്ങളും പരലോകത്ത് നടക്കുന്ന കാര്യങ്ങളും അറിയുന്നവരാണ് എന്ന മൂഢവിശ്വാസം സാധാരണക്കാരിൽ കുത്തിവയ്ക്കാനാണ് ഇത്തരം വാറോലകൾ എഴുതിവിടുന്നതെന്ന കാര്യം വായനക്കാർ മനസ്സിലാക്കുക.

അഞ്ചു കാര്യങ്ങളെ തേടി, അവ അഞ്ചു സ്ഥലങ്ങളിൽ കണ്ടെത്തി എന്നാണ് സൂഫിയായ ബൽകി പറയുന്നത്. ജീവിതാവശ്യങ്ങളിൽ ഒരു പക്ഷേ, ബറകത്ത് കിട്ടിയിരിക്കാം. എന്നാൽ അത് ദുഹാ നമസ്കാരം കൊണ്ടാണെന്ന് ഇദ്ദേഹത്തിന് എങ്ങനെ മനസ്സിലായി? ക്വബ്റിന്റെ പ്രകാശം തഹജ്ജുദ് നമസ്കാരത്തിൽ കണ്ടെത്തി എന്ന് പറയണമെങ്കിൽ മരിച്ച ശേഷം പുനർജനിക്കണമല്ലോ. അല്ലാതെ എങ്ങനെ ഇദ്ദേഹം അത് മനസ്സിലാക്കി?


മുൻകർ-നകീറിന്റെ ചോദ്യത്തിന്റെ ഉത്തരം ക്വുർആൻ പാരായണത്തിലൂടെ ലഭിച്ചു എന്ന് പറയണമെങ്കിൽ ഇദ്ദേഹം ക്വബ്റിലെ ചോദ്യത്തെ അഭിമുഖീകരിച്ച ശേഷമായിരിക്കണം ഇത് പറയുന്നത്. അതല്ല, മരിക്കുന്നതിന് മുമ്പ് തന്നെ മുൻകർ-നകീറിന്റെ ചോദ്യത്തെ ഇദ്ദേഹം നേരിട്ടിരുന്നുവോ?

ഇഹലോകത്ത് ജീവിച്ചിരിക്കുമ്പോൾ സ്വിറാത്ത് എളുപ്പം കടന്നുപോകുന്നതിനുള്ള മാർഗം നോമ്പിലും ദാനധർമത്തിലും കണ്ടെത്തിയതും അർശിന്റെ തണൽ ഖൽവത്തിൽ (ഉറ്റയ്ക്കിരുന്ന് അല്ലാഹുവിനെ ധ്യാനിക്കുന്നതിൽ) കണ്ടെത്തിയതും എങ്ങനെയായിരിക്കും?

തബ്‌ലീഗ് ജമാഅത്തിന്റെ സ്ഥാപക നേതാവായിരുന്ന മുഹമ്മദ് ഇല്യാസ് സാഹിബ് ഏകാന്തവാസത്തിൽ വിശ്വസിച്ചിരുന്നെങ്കിൽ ഇന്ന് ലോകത്താകെ പ്രചരിച്ചിട്ടുള്ള തബ്‌ലീഗ് പ്രസ്ഥാനംതന്നെ ഉണ്ടാകുമായിരുന്നില്ല. ഒറ്റയ്ക്കിരുന്ന് ധ്യാനിച്ചാൽ അർശിന്റെ തണൽ ലഭിക്കുമെന്നത് സത്യമാണെങ്കിൽ എന്തിനാണ് ഇവർ നാട് മുഴുവൻ ചുറ്റിനടന്ന് ജനങ്ങളെ നമസ്കരിക്കാൻ ക്ഷണിക്കുന്നത്? എന്തിനാണ് പല ഭാഗത്തും മദ്റസകളും കോളേജുകളും സ്ഥാപിക്കുന്നത്? എന്തിനാണ് സമ്മേളനങ്ങളും മശൂറാ സദസ്സുകളും സംഘടിപ്പിക്കുന്നത്? എല്ലാവരോടും ഖൽവത്തിലിരുന്ന് ധ്യാനം നടത്താൽ പറഞ്ഞാൽ പോരേ? **(തുടരും)**

സലീം പട്‌ല
mail@nerpatham.com





# യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ ദൈവവും

> **വളരെ സങ്കീർണമാണ് ക്രൈസ്തവ ദൈവസങ്കൽപം. പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വത്തിലൊരാളാണ് യേശുവെന്നും എന്നാൽ അതേ യേശു തന്നെ ദൈവമാണെന്നുമാണ് ക്രൈസ്തവർ വാദിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ ഈ വിചിത്ര ദൈവസങ്കൽപം യേശു തന്നെയും അംഗീകരിച്ചിരുന്നോ? ഇല്ലെന്നാണ് മഹാനായ അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽ നിന്ന് ബോധ്യപ്പെടുന്നത്.**

ദൈവവിശ്വാസം പലമതങ്ങളിലും പല രൂപത്തിലാണ് കാണപ്പെടുന്നത്. എന്നിരുന്നാലും പ്രബല മതങ്ങളെല്ലാം ഏകദൈവ വിശ്വാസമാണ് പഠിപ്പിക്കുന്നത് എന്ന് അവയുടെ വക്താക്കൾ വാദിക്കാറുണ്ട്. വളരെ വിചിത്രമായ ഏകദൈവ വിശ്വാസമാണ് ക്രൈസ്തവ സമൂഹം വച്ചുപുലർത്തുന്നത്. ത്രിയേകത്വ സിദ്ധാന്തം എന്ന് ഇത് അറിയപ്പെടുന്നു. അത് എങ്ങനെയെന്ന് വിശദമാക്കാൻ അവർക്ക് സാധിക്കാറില്ല. അത് സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയില്ല എന്നാണ് അ

വർ പറയാറുള്ളത്. അങ്ങനെ മനസ്സിലാക്കാൻ സാധിക്കാത്ത ദൈവത്തിൽ എങ്ങനെ വിശ്വസിക്കാനും അവനെ ആരാധിക്കാനും കഴിയും എന്ന ചോദ്യം പ്രസക്തമാണ്. ഈ വിഷയത്തിൽ ബൈബിൾ എന്ത് പറയുന്നു എന്ന് നമുക്ക് പരിശോധിക്കാം:

എന്താണ് ത്രിയേകത്വ സിദ്ധാന്തം? ഒന്നും ഒന്നും ഒന്നും കൂട്ടിയാൽ ഉത്തരം ഒന്ന് ആകുമോ? ത്രിയേകത്വത്തെക്കുറിച്ച് ക്രൈസ്തവത നൽകിപ്പോരുന്ന വിരണങ്ങൾ കാണുക:

1. പിതാവ് ഒരുവൻ, പുത്രൻ ഒരുവൻ, പരിശുദ്ധാത്മാവ് ഒരുവൻ, എങ്കിലും ദൈവത്വം ഏകവും മഹത്ത്വം സമവും പ്രഭാവം സമനിത്യവുമാകുന്നു.

2. പിതാവ് എങ്ങനെയുള്ളവനാണോ അങ്ങനെയുള്ളവനാണ് പുത്രനും പരിശുദ്ധാത്മാവും.

3. മൂവരും സൃഷ്ടിക്കപ്പെട്ടവരല്ല.

4. ഓരോരുത്തനും നിത്യനാണ്. മൂന്ന് നിത്യൻമാരില്ല, ഒരു നിത്യനേയുള്ളൂ.

5. പിതാവ് സർവശക്തൻ, പുത്രൻ സർവശക്തൻ, പരിശുദ്ധാത്മാവ് സർവശക്തൻ; എന്നാൽ സർവശക്തൻ ഒന്നു മാത്രം!

6. പിതാവ് ദൈവം, പുത്രൻ ദൈവം, പരിശുദ്ധാത്മാവ് ദൈവം; എന്നാലും ദൈവം ഏകനാണ്!

7. ത്രിത്വത്തിൽ മുമ്പനോ പിമ്പനോ ഇല്ല. വലിയവനോ ചെറിയവനോ ഇല്ല. സമനിത്യന്മാരും സകലത്തിലും സമൻമാരുമാണ്.

8. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിന്റെ മൂന്ന് നിലകളല്ല; മറിച്ച് ഓരോരുത്തരും ദൈവമാണ്.

9. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികൾ സമ്പൂർണമായും അടങ്ങിയിരിക്കുന്ന നിത്യമായ ഏകസത്തയാണ് ദൈവം.

10. ദൈവം എന്ന ഏകസത്തയിൽ തുല്യരായ, നിത്യരായ; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികൾ അടങ്ങിയിരിക്കുന്നു

11. മൂന്ന് ദൈവങ്ങൾ അഥവാ പ്രകൃതിയിൽ മൂന്ന് ആളത്വങ്ങൾ സ്ഥിതിചെയ്യുന്നു. അവർ തമ്മിൽ പ്രായ വ്യത്യാസമോ വലിപ്പചെറുപ്പമോ ശക്തി വ്യത്യാസമോ ഇല്ല. മൂവരുടെയും മഹത്ത്വം തുല്യവും പ്രഭാവം സമനിത്യവും. മൂന്ന് ആളത്വങ്ങളിലായി ഏകദൈവം സ്ഥിതി ചെയ്യുന്നു.

12. ഒന്നിനെ മൂന്ന് വട്ടം ഗുണിക്കുമ്പോൾ കിട്ടുന്ന ഗുണന ഫലം പോലെയോ, ഒരേസമയം താപവും രശ്മിയും വെളിച്ചവും നൽകുന്ന സൂര്യനെ പോലെയോ, ഒരേസമയം ശബ്ദമായും പ്രകാശമായും ചലനമായും മാറാൻ കഴിയുന്ന വൈദ്യുതിയെപോലെയോ ആണ് ത്രിത്വം!

ദേഹവും ദേഹിയും ആത്മാവുമടങ്ങിയ മനുഷ്യൻ, ഒരേസമയം പിതാവും മകനും ഭർത്താവുമാകുന്ന പാസ്റ്റർ, വെള്ളം, ഐസ്, നീരാവി എന്നിങ്ങനെയുള്ള ജലത്തിന്റെ രൂപമാറ്റങ്ങൾ, പുറംതോടും മഞ്ഞക്കരുവും വെള്ളയുമടങ്ങുന്ന മുട്ട... ഇതൊക്ക ത്രിയേകത്വത്തിന് ഉദാഹരണങ്ങളാണ്...!

ഇങ്ങനെ വിശദീകരിച്ചും വ്യാഖ്യാനിച്ചും പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വത്തിലൊരാളാണ് യേശുവെന്നും ദൈവവും യേശുവും ഒന്നാണെന്നും യേശു തന്നെയാണ് സാക്ഷാൽ ദൈവമെന്നും സ്ഥാപിക്കുകയാണ് ക്രൈസ്തവ മിഷണറിമാർ ചെയ്യാറുള്ളത്.

എന്നാൽ യേശു ദൈവമല്ലെന്നും ദൈവം യേശുവല്ലെന്നും യേശുവും ദൈവവും തീർത്തും വ്യത്യസ്തരാണെന്നും വ്യക്തമാക്കുന്ന നിലവിലുള്ള ബൈബിളിൽനിന്നുള്ള ശക്തമായ തെളിവുകൾ കാണാവുന്നതാണ്. അവ ഏതൊക്കെയെന്ന് നോക്കാം.

### 1. ദൈവം പറയുന്നത് ഞാൻ ദൈവമെന്ന്!

യേശു പറഞ്ഞത് 'എന്റെയും നിങ്ങളുടെയും ദൈവം ഒരുവനെ'ന്ന്!

(ദൈവം പറഞ്ഞു) 'ഞാൻ, ഞാൻ മാത്രമേയുള്ളൂ; ഞാനല്ലാതെ ദൈവമില്ല" (ആവർത്തനം 32:39).

(യേശു പറഞ്ഞു) '...നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്...' (മാർക്കോസ് 12:29).

> **"വിശദീകരിച്ചും വ്യാഖ്യാനിച്ചും പിതാവും പുത്രനും പരിശുദ്ധാത്മാവുമടങ്ങുന്ന ത്രിത്വത്തിലൊരാളാണ് യേശുവെന്നും ദൈവവും യേശുവും ഒന്നാണെന്നും യേശു തന്നെയാണ് സാക്ഷാൽ ദൈവമെന്നും സ്ഥാപിക്കുകയാണ് ക്രൈസ്തവ മിഷണറിമാർ ചെയ്യാറുള്ളത്. എന്നാൽ യേശു ദൈവമല്ലെന്നും ദൈവം യേശുവല്ലെന്നും യേശുവും ദൈവവും തീർത്തും വ്യത്യസ്തരാണെന്നും വ്യക്തമാക്കുന്ന നിലവിലുള്ള ബൈബിളിൽനിന്നുള്ള ശക്തമായ തെളിവുകൾ കാണാവുന്നതാണ്."**

(യേശു പറഞ്ഞു) 'ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവനാകുന്നു' (യോഹന്നാൻ 17:3).

ഞാനല്ലാതെ ദൈവമില്ലെന്ന് ദൈവംതന്നെ പറയുന്നു. ആ ദൈവത്തെ ഏകസത്യദൈവം എന്ന് യേശുവും വിളിക്കുന്നു. ഇവിടെ ദൈവത്തിന്റെ ത്രിത്വമോ ദ്വിത്വമോ കടന്നുവരുന്നില്ല.

### 2. ദൈവം മനുഷ്യനല്ല, മനുഷ്യപുത്രനുമല്ല; യേശു മനുഷ്യനും മനുഷ്യപുത്രനും!

'വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കൽപിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ?' (സംഖ്യ പുസ്തകം 23:19).

'...ഞാൻ മനുഷ്യനല്ല. ദൈവം അത്രെ...' (ഹോശേയ 11:9).

യേശു പറഞ്ഞു: 'എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു...' (യോഹന്നാൻ 8:40).

'യോനാ നീനെവേക്കാർക്കു അടയാളം ആയതു പോലെ മനുഷ്യപുത്രൻ ഈ തലമുറക്കും ആകും' (ലൂക്കോസ് 11:30).

യേശുവിനെ മനുഷ്യപുത്രൻ എന്നും മനുഷ്യൻ എന്നും വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ദൈവം പറയുന്നതോ 'ഞാൻ മനുഷ്യനല്ല, ദൈവമാണ്' എന്നും. കാര്യം എത്ര വ്യക്തമാണ്!

### 3. ദൈവം ഉദ്ദേശിക്കുന്നത് ചെയ്യുന്നു; യേശുവിന് കഴിയുന്നില്ല

'ഞാൻ സകലജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ?' (യിരേമ്യാവ് 32:27).

'(യേശു)ഏതാനും രോഗികളുടെ മേൽ കൈവച്ച് സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവർത്തികളൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു' (മാർക്കോസ് 6:56).

### 4. ദൈവമാണ് എല്ലാവരെക്കാളും വലിയവൻ, യേശുവല്ല

'യഹോവേ, നിന്നോടു തുല്യനായവൻ ആരുമില്ല; നീ വലിയവനും നിന്റെ നാമം ബലത്തിൽ വലിയതും ആകുന്നു' (യിരമ്യാവ് 10:6).

(യേശു പറഞ്ഞു) '...എന്റെ പിതാവു എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽനിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല' (യോഹന്നാൻ 10:29).

യേശു പറഞ്ഞു: '...നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു; പിതാവു എന്നെക്കാൾ വലിയവനല്ലോ' (യോഹന്നാൻ 14:28).

പിതാവും പുത്രനും പരിശുദ്ധാത്മാവും സമൻമാരാണെന്ന് പറയുന്നവരെ ഈ വചനങ്ങൾ ഖണ്ഡിക്കുകയാണ്.

### 5. ദൈവം വലിയവനും ദൂതൻമാരെ അയക്കുന്നവനും!

യേശു ദൈവത്താൽ അയക്കപ്പെട്ടവനും ദൈവദാസനും!

'ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല' (യോഹന്നാൻ 13:16).

'ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു' (യോഹന്നാൻ 17:3).

'അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി' (പ്രവൃത്തികൾ 3:13).



**6. ദൈവം സർവശക്തൻ!**
**യേശു ദൈവത്തിന്റെ ആശ്രിതൻ!**

'സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു'(വെളിപ്പാട് 19:6).

'അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു' (യെശയ്യാവ് 40:29).

'ദൈവം നിത്യനാകുന്നു. അവൻ നിന്റെ സുരക്ഷിത സ്ഥലം. ദൈവത്തിന്റെ ശക്തി നിത്യമാകുന്നു. അവൻ നിന്നെ സംരക്ഷിക്കുന്നു' (ആവർത്തനം 33:27).

'പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംതന്നെയാകട്ടെ എന്നു പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി' (ലൂക്കോസ് 22:42,43).

**7. ദൈവത്തിന്റെ മനസ്സ് മാറില്ല!**
**യേശുവിന്റെതു മാറുന്നു!**

'യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്കു പറകയില്ല, അനുതപിക്കയുമില്ല; അനുതപിപ്പാൻ അവൻ മനുഷ്യനല്ല എന്നു പറഞ്ഞു' (1 ശമുവേൽ 15:29).


(യേശു പറഞ്ഞു) 'നിങ്ങൾ പെരുനാളിന്നു പോകുവിൻ; എന്റെ സമയം ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുനാളിന്നു ഇപ്പോൾ പോകുന്നില്ല. ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗലീലയിൽ തന്നേ പാർത്തു. അവന്റെ സഹോദരന്മാർ പെരുനാളിന്നു പോയശേഷം അവനും പരസ്യമായിട്ടല്ല രഹസ്യത്തിൽ എന്നപോലെ പോയി' (യോഹന്നാൻ 7:8–10).

**8. ദൈവം സാക്ഷാൽ ആരാധ്യൻ!**
**യേശു ദൈവഭയമുള്ള മനുഷ്യൻ!**

'നിന്റെ ദൈവമായ യഹോവയെ നീ ഭയപ്പെടേണം; അവനെ സേവിക്കേണം; അവനോടു ചേർന്നിരിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം' (ആവർത്തനം 10:20).

'ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ' (മത്തായി 10:28).

'തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു, മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ (യേശുവിന്റെ) ദൈവഭയംമൂലം അവന്റെ പ്രാർഥന കേട്ടു' (ഹെബ്രായർ 5:7).



**9. ദൈവം ആരാധനക്കർഹൻ!**
**യേശു ദൈവത്തെ ആരാധിക്കുന്നവൻ!**

(യേശു പറഞ്ഞു) 'നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു. ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു; രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നതു' (യോഹന്നാൻ 4:22).

യേശു കൽപിച്ചു: 'സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമെ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു' (മത്തായി 4:10).

**10. ദൈവം സ്വന്തം ഇഷ്ടപ്രകാരം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു!**

'എന്തു ചെയ്യണമെന്ന് ദൈവത്തോട് പറയാൻ ആർക്കുമാവില്ല. ദൈവമേ നീ ചെയ്തത് തെറ്റാണ് എന്ന് ദൈവത്തോട് പറയാൻ ആർക്കും കഴിയില്ല' (ഇയ്യോബ് 36:22,23).

'തനിക്ക് ഇഷ്ടമുള്ളതെല്ലാം അവൻ (ദൈവം) ചെയ്യുന്നു' (സങ്കീർത്തനങ്ങൾ 115:3).

എന്നാൽ യേശു പറഞ്ഞത് കാണുക: 'യേശു അവരോടു ഉത്തരം പറഞ്ഞതു: എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ. അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും. സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതികേടു അവനിൽ ഇല്ല' (യോഹന്നാൻ 7:16-18).

### 11. നല്ലവൻ ദൈവം മാത്രമെന്ന് യേശു പറയുന്നു

'(ദൈവമേ) നീ നല്ലവനും നന്മ ചെയ്യുന്നവനും ആകുന്നു; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചുതരേണമേ' (സങ്കീർത്തനങ്ങൾ 119:68).

'ഒരു പ്രമാണി അവനോടു: നല്ല ഗുരോ, ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന്നു എന്തു ചെയ്യേണം എന്നു ചോദിച്ചു. അതിന്നു യേശു: 'എന്നെ നല്ലവൻ എന്നു പറയുന്നതു എന്തു? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല...' (ലൂക്കോസ് 18:18-19).

### 12. ദൈവത്തെ ആർക്കും എതിർക്കാൻ കഴിയില്ല! യേശുവിനെ ജനം മർദിക്കുന്നു!

'ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ, നീ സ്വർഗ്ഗസ്ഥനായ ദൈവമല്ലോ; നീ ജാതികളുടെ സകലരാജ്യങ്ങളെയും ഭരിക്കുന്നുവല്ലോ; ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലോ' (2 ദിനവൃത്താന്തം 20:6).

'അവൻ ഇങ്ങനെ പറയുമ്പോൾ ചേവകരിൽ അരികെ നിന്ന ഒരുത്തൻ: മഹാപുരോഹിതനോടു ഇങ്ങനെയോ ഉത്തരം പറയുന്നത് എന്നു പറഞ്ഞു യേശുവിന്റെ കന്നത്തു ഒന്നടിച്ചു' (യോഹന്നാൻ 18:22).

'...യെഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെമേൽ തുപ്പി, കോൽ എടുത്തു അവന്റെ തലയിൽ അടിച്ചു" (മത്തായി 27:29,30).

'അന്നു മുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു. അതുകൊണ്ടു യേശു യെഹൂദന്മാരുടെ ഇടയിൽ പിന്നെ പരസ്യമായി നടക്കാതെ അവിടം വിട്ടു മരുഭൂമിക്കരികെ എഫ്രയീം എന്ന പട്ടണത്തിലേക്കു വാങ്ങി ശിഷ്യന്മാരുമായി അവിടെ പാർത്തു' (യോഹന്നാൻ 11:53,54).

### 13. ദൈവം ഉറക്കവും മയക്കവുമില്ലാത്തവൻ! യേശു ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു!

'യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല" (സങ്കീർത്തനം 121:4).

എന്നാൽ യേശുവോ? '...അവനോ ഉറങ്ങുകയായിരുന്നു. അവർ അടുത്തുചെന്നു: കർത്താവേ രക്ഷിക്കേണമേ: ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞു അവനെ ഉണർത്തി' (മത്തായി 8:24,25).

### 14. ദൈവം പ്രാർഥനക്ക് ഉത്തരം നൽകുന്നവൻ; യേശു ദൈവത്തോട് പ്രാർഥിക്കുന്നവനും!

(ദൈവം പറഞ്ഞു) 'എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും' (യിരമ്യാവ് 33:3).

'നമ്മൾ രക്ഷക്കായി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ദൈവമായ യഹോവ നമ്മുടെ അടുത്തുണ്ടാവും (ആവർത്തനം4:7).

'ജനം എല്ലാം സ്നാനം ഏൽക്കുകയിൽ യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു' (ലൂക്കോസ് 3:21,22).

യേശു പലപ്പോഴും പ്രാർഥനക്കായി ഏകാന്തമായ സ്ഥലത്തേക്ക് പോകുമായിരുന്നു: 'അവനോ നിർജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു' (ലൂക്കോസ് 5:16).



'അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു.' (മത്തായി 14:23).

'ആ കാലത്തു അവൻ പ്രാർത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു' (ലൂക്കോസ് 6:12).

'അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേറ്റു പുറപ്പെട്ടു ഒരു നിർജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു' (മാർക്കോസ് 1:35).

'യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ അങ്ങ് എന്റെ പ്രാർത്ഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയന്നു. അങ്ങ് എന്റെ പ്രാർത്ഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം...'(യോഹന്നാൻ 11:41,42).

'അവർ ഗെത്ത്ശേമന എന്നു പേരുള്ള തോട്ടത്തിൽ വന്നാറെ അവൻ ശിഷ്യന്മാരോടു: ഞാൻ പ്രാർത്ഥിച്ചുതീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അൽപം മുമ്പോട്ടു ചെന്നു നിലത്തുവീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു' (മാർക്കോസ് 14:32-35).

### 15. ദൈവം സ്രഷ്ടാവ്; യേശു ദൈവത്തിന്റെ സൃഷ്ടി

'ഭൂമിയെ ഞാൻ സൃഷ്ടിച്ചു. അതിലെ സകലമനുഷ്യരെയും ഞാൻ സൃഷ്ടിച്ചു. ഞാനെന്റെ സ്വന്തം കൈകളുപയോഗിച്ച് ആകാശത്തെ സൃഷ്ടിച്ചു...' (യെശയ്യാവ് 45:12).

'ഇതാ, സ്വർഗ്ഗവും സ്വർഗ്ഗാധി സ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിന്റെ ദൈവമായ യഹോവെക്കുള്ളവ ആകുന്നു' (ആവർത്തനം 10:14).

'ദൂതൻമാരെക്കാൾ അൽപം താഴ്ന്നവനായി അങ്ങ് (ദൈവം) അവനെ (യേശുവിനെ) സൃഷ്ടിച്ചു' (എബ്രായർ 2:7).

### 16. ദൈവം സർവജ്ഞൻ, യേശുവിന് അദൃശ്യമറിയുന്നില്ല

'ആരംഭത്തിങ്കൽ തന്നേ അവസാനവും പൂർവ്വകാലത്തു തന്നേ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും; ഞാൻ എന്റെ താൽപര്യമൊക്കെയും അനുഷ്ഠിക്കും എന്നു ഞാൻ പറയുന്നു' (യെശയ്യാവ് 46:10).

'പിറ്റെന്നാൾ അവർ ബേഥാന്യ വിട്ടു പോരുമ്പോൾ അവന്നു വിശന്നു; അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തു നിന്നു കണ്ടു, അതിൽ വല്ലതും കണ്ടു കിട്ടുമോ എന്നു വെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു' (മാർക്കോസ്11:12, 13).

### 17. ദൈവം ആദ്യവും അന്ത്യവുമില്ലാത്തവൻ, യേശു ബത്‌ലഹേമിൽ ജനിച്ചു

'പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു' (സങ്കീർത്തനങ്ങൾ 90:2)

'ഹെരോദാരാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്ത്ളേഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി' (മത്തായി 2:1)

### 18. ദൈവത്തെ പരീക്ഷിക്കാൻ കഴിയില്ല; യേശു പരീക്ഷിക്കപ്പെടുന്നു

'...ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു...' (യാക്കോബ് 1:13).

'...പിശാച് അവനെ (യേശുവിനെ) നാൽപതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു' (ലൂക്കോസ് 4:1).

### 19. ദൈവം ഒരിക്കലും ക്ഷീണിക്കില്ല, യേശു ക്ഷീണിക്കുകയും വിശ്രമിക്കുകയും ചെയ്തു

'...യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല...' (യെശയ്യാവ് 40:28)

'...യേശു വഴി നടന്നു ക്ഷീണിച്ചിട്ടു ഉറവിന്നരികെ ഇരുന്നു...' (യോഹന്നാൻ 4:6).

### 20. ദൈവം സ്ത്രീയിൽനിന്ന് ജനിച്ചനല്ല; യേശു സ്ത്രീയിൽ നിന്ന് ജനിച്ചു

'അപ്പോൾ, മനുഷ്യനെങ്ങനെ ദൈവത്തിന്റെ മുമ്പിൽ നീതിമാനാകാൻ കഴിയും? സ്ത്രീയിൽനിന്നു ജനിച്ചവൻ എങ്ങനെ നിർമലനാകും?' (ഇയ്യോബ് 25:4).

'അവൾ ആദ്യജാതനായ മകനെ (യേശുവിനെ) പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി' (ലൂക്കോസ് 2:6).

### 21. ദൈവം നിരാശ്രയൻ, യേശുവിന് ആശ്രയം ആവശ്യമായിരുന്നു

'നിന്റെ വീണ്ടെടുപ്പുകാരനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യഹോവയായ ഞാൻ സകലവും ഉണ്ടാക്കുന്നു; ഞാൻ തന്നേ ആകാശത്തെ വിരിക്കയും ഭൂമിയെ പരത്തുകയും ചെയ്തിരിക്കുന്നു; ആർ എന്നോടുകൂടെ ഉണ്ടായിരുന്നു?' (യെശയ്യാവ് 44:24).

'യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു' (ലൂക്കോസ് 2:52)

### 22. ദൈവം മനുഷ്യനല്ല; യേശു മനുഷ്യൻ!

'യേശു അവരെ നോക്കി: 'അതു മനുഷ്യർക്കു അസാദ്ധ്യം എങ്കിലും ദൈവത്തിന്നു സകലവും സാദ്ധ്യം എന്നു പറഞ്ഞു' (മത്തായി 19:26).

യേശു പറഞ്ഞു: 'ദൈവത്തിൽനിന്ന് കേട്ട സത്യങ്ങൾ നിങ്ങളോട് പറഞ്ഞ ഒരു മനുഷ്യനാണ് ഞാൻ' (യോഹന്നാൻ 8:40).

### 23. ദൈവം അന്ത്യനാളിനെക്കുറിച്ചറിയുന്നു; യേശു അറിയുന്നില്ല

'ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല' (മാർക്കോസ് 13:32).

### 24. വരം നൽകുന്നവൻ ദൈവം മാത്രം; യേശുവല്ല

"അവൻ അവരോടു: 'എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം; എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നതു എന്റേതല്ല; എന്റെ പിതാവു ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും' എന്നു പറഞ്ഞു'' (മത്തായി 20:23).

### 25. ദൈവത്തിന്റെ ഇഷ്ടവും യേശുവിന്റെ ഇഷ്ടവും!

'പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടംതന്നെയാകട്ടെ എന്നു പ്രാർത്ഥിച്ചു' (മത്തായി 22:42).

'എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു' (മത്തായി 7:21).

### 26. യേശു നേതാവ്!

'...ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുതു; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നേ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു, ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ' (മത്തായി 23:9,10).

### 27. ദൈവത്തിലും യേശുവിലും വിശ്വസിക്കൽ!

ദൈവവും യേശുവും ഒന്നെങ്കിൽ ദൈവത്തിൽ വിശ്വസിക്കുവിൻ എന്നു പറഞ്ഞാൽ മതിയല്ലോ. അല്ലെങ്കിൽ യേശുവിൽ വിശ്വസിക്കുവിൻ എന്നു പറഞ്ഞാലും മതി. എന്നാൽ ഇത് കാണുക:

'നിങ്ങളുടെ ഹൃദയം കലങ്ങി പോകരുത്. ദൈവത്തിലും വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക' (യോഹന്നൻ 14:1). ദൈവമായ എന്നിലും വിശ്വസിക്കുക എന്ന് യേശു പറയുന്നില്ല.

### 28 ദൈവം യേശുവിനെ മഹത്ത്വപ്പെടുത്തിയവൻ!

'ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു. എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല; ഞാനോ അവനെ അറിയുന്നു; അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്കു പറയുന്നവൻ ആകും; എന്നാൽ ഞാൻ അവനെ അറിയുന്നു; അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു' (യോഹന്നാൻ 8:54,55).

### 29. ദൈവത്തെ ആർക്കും കാണാൻ കഴിയില്ല, യേശുവിനെ എല്ലാവരും കണ്ടിരുന്നു

'നിനക്ക് എന്റെ മുഖം കാൺമാൻ കഴിയില്ല; ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കുകയില്ല എന്നും അവൻ (ദൈവം) പറഞ്ഞു' (പുറപ്പാട് 33:20).

സാക്ഷാൽ ദൈവത്തെ ഇഹലോകത്തുവെച്ച് കാണാൻ കഴിയില്ല എന്ന് വ്യക്തം. എന്നാൽ യേശുവിനെ ജനങ്ങൾ കാണാതിരുന്നിട്ടില്ലല്ലോ.

'ഇവൻ ഗലീലിയയിലെ നസറെത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്ന് പുരുഷാരം പറഞ്ഞു" (മത്തായി 21/11)

## ക്വുർആനിന്റെ നിലപാട്

വിശുദ്ധ ക്വുർആൻ വളരെ വ്യക്തവും സ്പഷ്ടവുമായിക്കൊണ്ടാണ് യേശുവിനെ പരിചയപ്പെടുത്തിയിട്ടുളളത്. അല്ലാഹു പറയുന്നു:

“മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല. എന്നാണ്” (ക്വുർആൻ 5:72).

“അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽനിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽനിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും”(ക്വുർആൻ 5:73).

“ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്” (ക്വുർആൻ 5:74,75).

“വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽനിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി” (ക്വുർആൻ 4:171).



## പരലോകത്തുവെച്ച് യേശു തന്നെ ആരാധിച്ചവരെ തള്ളിപ്പറയും

“അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ” (ക്വുർആൻ 5:116).

“നീ എന്നോട് കൽപിച്ച കാര്യം അഥവാ ‘എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം’ എന്ന കാര്യം മാത്രമെ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെമേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാകാര്യത്തിനും സാക്ഷിയാകുന്നു” (ക്വുർആൻ 5:117).



ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം

# നവോത്ഥാന ചരിത്രത്തിലെ വെള്ളിനക്ഷത്രം പി. സെയ്ദ് മൗലവി

3

വിരുദ്ധ ആശയം പുലർത്തുന്നവരോട് ആശയപരമായ എതിർപ്പുണ്ടായിരുന്നുവെന്നല്ലാതെ സെയ്ദ് മൗലവി ആരോടും ശത്രുത പുലർത്തിയില്ല. എതിരാളികളോടു പോലും സൗമ്യതയോടും സൗഹൃദത്തോടും കൂടിയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ചേകന്നൂർ മൗലവിയുടെ ഭാര്യാപിതാവ് ബീരാൻകുട്ടി ഹാജി പറവണ്ണയിലെ ഏറ്റവും പഴക്കം ചെന്ന മുജാഹിദും മതപരമായ എന്തു കാര്യത്തിനും ധൈര്യസമേതം മുൻനിരയിൽ നിന്നിരുന്ന ഒരു വ്യക്തിയുമായിരുന്നു. എന്നാൽ ഇടക്കാലത്തുവെച്ച് ചേകന്നൂർ മൗലവി മുജാഹിദ് വിരുദ്ധ ആശയം വെച്ചുപുലർത്തിയപ്പോൾ ബീരാൻകുട്ടി ഹാജിയും പ്രസ്തുത ആശയങ്ങൾ പിൻപറ്റി.

എന്നാൽ അദ്ദേഹത്തിന്റെ ഇളയ മകന്റെയും മകളുടെയും വിവാഹം കെ. ഉമർ മൗലവിയോ സെയ്ദ് മൗലവിയോ നടത്തിക്കൊടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. പറവണ്ണയിലെ സി.കെ.ഏനിക്കുട്ടി സാഹിബ് ഇക്കാര്യം സെയ്ദ് മൗലവിയുടെ ശ്രദ്ധയിൽ പെടുത്തി.

‘എനിക്ക് ആരോഗ്യം വേണ്ടത്രയില്ല. എന്നിരുന്നാലും പഴയ നിലവെച്ച് നോക്കുമ്പോൾ എനിക്കദ്ദേഹത്തിന്റെ ആഗ്രഹം നിരസിക്കാൻ പറ്റിയതല്ലല്ലോ. എന്തായാലും ഈ സന്ദർഭത്തിലെ ആവശ്യം നമുക്കു കണക്കിലെടുക്കുകയും അതു നിർവഹിച്ചുകൊടുക്കുകയും ചെയ്യണം’-മൗലവി പറഞ്ഞു. ഇക്കാര്യം ഏനിക്കുട്ടി സാഹിബ് ബീരാൻകുട്ടി ഹാജിയുടെ മൂത്ത മരുമകനെ അറിയിക്കുകയും നിക്കാഹിനു ക്ഷണിച്ചാൽ മൗലവി വരുമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. അതനുസരിച്ച് അവർ രണ്ടത്താണിയിൽ വന്ന് മൗലവിയെ ക്ഷണിച്ചു. മൗലവി സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. രണ്ടത്താണിയിൽ അതേദിവസം രണ്ടു നിക്കാഹിൽ പങ്കെടുക്കേണ്ടത് സി.പി.ഉമർ സുല്ലമിയെ ഏൽപിച്ചാണ് പറവണ്ണയിൽ പോകാമെന്നേറ്റത്.

നിക്കാഹ് ദിവസം മൗലവിയെ കൂട്ടിക്കൊണ്ടു ചെല്ലാൻ ഏനിക്കുട്ടി സാഹിബ് തന്നെയാണ് വന്നത്. ചേകന്നൂർ മൗലവി ഉൾപ്പെടെയുള്ളവരുള്ള സദസ്സിൽ വെച്ച് ബീരാൻകുട്ടി ഹാജിയുടെ മകളുടെ നിക്കാഹ് നടത്തിക്കൊടുത്തു.

കേരള നദ്‌വത്തുൽ മുജാഹിദിന്റെ ഏഴാം വാർഷികം കൽപകഞ്ചേരിയിൽവെച്ചു നടന്നു. ഈ സമ്മേളനത്തിൽവച്ചാണ് സകാത്ത് സംഘടിതമായി പിരിച്ചെടുത്ത് അവകാശികൾക്കിടയിൽ വിതരണം ചെയ്യണമെന്ന പ്രമേയം പി. സെയ്ദ് മൗലവി അവതരിപ്പിച്ചത്. കെ.കെ.ജമാലുദ്ദീൻ മൗലവി പ്രമേയത്തെ പിന്താങ്ങി. അവിടെവച്ചു പാസ്സാക്കിയ പ്രമേയത്തെ തുടർന്നാണ് കെ.എൻ.എമ്മിന്റെ കീഴിൽ സംഘടിത സകാത്ത് പ്രസ്ഥാനം സാർവത്രികമായി കേരളത്തിലാരംഭിക്കുന്നത്.

സകാത്ത് പിരിച്ചെടുക്കുന്നതിലും അത് യഥാർഥ അവകാശികൾക്കിടയിൽ വിതരണം ചെയ്യുന്ന കാര്യത്തിലും മൗലവി അതീവ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തിയിരുന്നു. സ്വന്തം മഹല്ലായ രണ്ടത്താണിയിൽ കേരളത്തിലെ മറ്റേതു മഹല്ലിനും മാതൃകയാക്കാവുന്ന രൂപത്തിൽ ഇക്കാര്യത്തിനു മൗലവി നേതൃത്വം നൽകുകയും ചെയ്തിരുന്നു. ഖുത്ബയിലും മറ്റു പ്രസംഗങ്ങളിലുമൊക്കെത്തന്നെ ഇക്കാര്യം ഗൗരവപൂർവം ഊന്നിപ്പറയുകയും ആളുകൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് രണ്ടത്താണിയിൽ സംഘടിത സകാത്ത് പ്രസ്ഥാനത്തിന് ശക്തമായ വേരോട്ടമുണ്ടായത്.

> **“സകാത്ത് പിരിച്ചെടുക്കുന്നതിലും അത് യഥാർഥ അവകാശികൾക്കിടയിൽ വിതരണം ചെയ്യുന്ന കാര്യത്തിലും മൗലവി അതീവ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തിയിരുന്നു. സ്വന്തം മഹല്ലായ അത്താണിയിൽ കേരളത്തിലെ മറ്റേതു മഹല്ലിനും മാതൃകയാക്കാവുന്ന രൂപത്തിൽ ഇക്കാര്യത്തിനു മൗലവി നേതൃത്വം നൽകുകയും ചെയ്തിരുന്നു. ഖുത്ബയിലും മറ്റു പ്രസംഗങ്ങളിലുമൊക്കെത്തന്നെ ഇക്കാര്യം ഗൗരവപൂർവം ഊന്നിപ്പറയുകയും ആളുകൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് രണ്ടത്താണിയിൽ സംഘടിത സകാത്ത് പ്രസ്ഥാനത്തിന് ശക്തമായ വേരോട്ടമുണ്ടായത്.”**

രണ്ടത്താണിയിൽ വന്ന ഉടനെയുള്ള ഏതാനും കാലം പതിവായി രാത്രിയിൽ മൗലവി ക്വുർആൻ ക്ലാസ്സെടുക്കാറുണ്ടായിരുന്നു. ഇശാഅ് നമസ്കാര ശേഷമുള്ള ക്ലാസ്സ് തീരുമ്പോഴേക്ക് അർധരാത്രി കഴിഞ്ഞിരിക്കും. വീട്ടിലേക്ക് മടങ്ങുന്നത് ഒറ്റക്കാണ്. അങ്ങാടിയുടെ അറ്റത്തുള്ള ഒരു കടയുടെ പിന്നിലെ ഒരു മുറിയിലാണ് അന്ന് മൗലവിയും കുടുംബവും താമസിച്ചിരുന്നത്.

വീട്ടിലേക്ക് ഒറ്റക്ക് നടന്നുപോയിരുന്ന മൗലവിയെ പിന്നീട് പതിവായി നാലഞ്ചാളുകൾ ഗ്യാസ്‌ലൈറ്റുമായി അനുഗമിക്കാൻ തുടങ്ങി. ‘ആരുമെന്റെ കൂടെ വരേണ്ടതില്ല, ഞാനൊറ്റക്ക് പൊയ്ക്കൊള്ളാം’ എന്നു പറഞ്ഞ് മൗലവി സ്നേഹപൂർവം അവരെ വിലക്കും. അതൊന്നും പരിഗണിക്കാതെ അവരീ പതിവ് തുടർന്നു. ഒടുവിൽ മൗലവിക്കെന്തോ പന്തികേട് തോന്നി, അവരോട് കൂടെ വരുന്നതിന്റെ കാരണമാരാഞ്ഞു. പല തവണ നിർബന്ധിച്ചപ്പോൾ അവർ കാര്യം പറഞ്ഞു.

വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ ഒരു അടക്കാകളമുണ്ട്. രാത്രി ക്ലാസ്സ് കഴിഞ്ഞ് മടങ്ങുന്ന മൗലവിയെ കൊല്ലാൻ കുറെ അറവുറൗഡികൾ കത്തികളും വടികളും മറ്റായുധങ്ങളുമായി അവിടെ ഒളിച്ച് നിൽക്കാറുണ്ട്. മൗലവിയോടൊപ്പം അംഗരക്ഷകരായി ആളുണ്ടായതിനാൽ അവർക്കതിന് സാധിച്ചില്ലെന്ന് മാത്രം.

ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിച്ചതിനാണ് സ്വസമുദായത്തിൽനിന്നും ഇത്തരം വധശ്രമങ്ങൾ നടന്നതെന്നതാണ് വിചിത്രം. പത്ത് വർഷത്തോളം പീടികപ്പിന്നിലെ ഇടുങ്ങിയ മുറിയിൽ കുട്ടികളുമൊത്ത് താമസിച്ച് മടുത്തപ്പോൾ ഒരിക്കൽ മൗലവിയുടെ ഭാര്യ അദ്ദേഹം കേൾക്കെ ഇങ്ങനെ പറഞ്ഞു:

“പടച്ചോനേ... ആരാന്റെ മുറ്റത്ത്ന്ന് അവനാന്റെ മുറ്റത്തൊരു നെടുംപുര വെച്ചുകെട്ടി അതിലേക്ക് മാറിത്താമസിക്കാനുള്ള വിധി എന്നാണാവോ ഉണ്ടാവുക!”

മൗലവിക്കിത് കേട്ടപ്പോൾ ഏറെ വിഷമമുണ്ടായി. അദ്ദേഹം പറഞ്ഞു:

“ആമ്യേ...യ്യ് കണ്ട്ട്ടില്ലേ, ഓരോരോ ആൾക്കാര് റോഡ്വക്ക്ല് കഴിഞ്ഞ് കൂട്ണത്. പരമ്പോടും ശീലോണ്ടും മറകെട്ടി അതിന്റകത്ത് കഴിഞ്ഞ് കൂട്ണ്ല്ലേ... ഈ ദുനിയാവിലെ ജീവിതൊര് യാത്രേണ്...”

വർഷങ്ങൾക്ക് ശേഷം സ്വന്തമായൊരു വീടുണ്ടാക്കിയപ്പോൾ അതിലെ അസൗകര്യങ്ങൾ വീണ്ടും ഭാര്യ ചൂണ്ടിക്കാണിച്ചു. മൗലവി രോഷത്തോടെ പറഞ്ഞു:

“ഒന്നും ഇല്ലാത്ത അവസ്ഥയില് എന്തെങ്കിലുമൊര് തണലിനാഗ്രഹിച്ചു. ആരാന്റത് കിട്ടിയപ്പോൾ സ്വന്തമായിട്ടൊന്ന്ണ്ടാവാനാഗ്രഹിച്ചു. അതുമായപ്പോൾ സൗകര്യം പോരെന്നും. ആമ്യേ... ആദമിന്റെ മക്കൾക്ക് മൊതലിനോട്ള്ള ആർത്തി തീരൂല. അഞ്ചിൽ നാല് മാലയും സ്വർണമായാലും ഹൊ... അത് കൂടി സ്വർണായിരുന്നെങ്കിൽ എന്നാണ് മനുഷ്യൻ ആഗ്രഹിക്ക്ണത്.”

ഒരു കൊടും വേനൽകാലം, കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും നാട്ടിൽ ഏക ആശ്രയമായ കിണറുകളെല്ലാം വറ്റി. കുടിനീർപോലും കിട്ടാതെ ജീവജാലങ്ങളൊന്നാകെ വിഷമിച്ച വർഷം. രണ്ടത്താണിയിലെ ബഹുഭൂരിപക്ഷം വരുന്ന യാഥാസ്ഥിതികർ മഴക്ക് വേണ്ടി, കൊടികളുമേന്തി മമ്പുറത്തേക്ക് പുണ്യയാത്ര നടത്തി നോക്കി. ഫലമൊന്നുമില്ല. വെള്ളം കിട്ടാതെ ജീവികൾ വിഷമിക്കുകയാണ്. അടുത്ത വെള്ളിയാഴ്ച മൗലവി ഖുത്ബയിൽ ജനങ്ങളിലെ തെറ്റായ വിശ്വാസങ്ങളെപ്പറ്റി സൂചിപ്പിച്ചുകൊണ്ട്, മഴക്ക് വേണ്ടി അല്ലാഹുവോടാണ് പ്രാർഥിക്കേണ്ടതെന്ന് പഠിപ്പിച്ചു. മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവഹിക്കാനായി ഒരു ദിവസം നിശ്ചയിച്ചു.

വിവരമറിഞ്ഞ യാഥാസ്ഥിതികർ പരിഹാസവുമായി രംഗത്ത് വന്നു. തീരുമാനിക്കപ്പെട്ട ദിവസം ഒരു മൈതാനിയിൽ സ്ത്രീകളും കുട്ടികളുമെല്ലാ മടങ്ങുന്ന ചെറിയൊരു സംഘം നമസ്കാരം തുടങ്ങിയപ്പോൾ പുറത്തുനിന്ന് പലരും പരിഹാസത്തോടെ പരസ്പരം പറഞ്ഞു:

“ദാ.. വഹ്ഹാബികളെ നിസ്കാരം തൊടങ്ങി. ഞ്ഞിവിടെ മഴ പെയ്ത് വെള്ളപ്പൊക്കണ്ടാവും.”

“ഔലിയാക്കളെ കുറ്റം പറയുന്നോരല്ലേ, ഓല് പ്രാർഥിച്ചാലൊന്നും മഴ പെയ്യാൻ പോണില്ല...”



ദീർഘമായ നസ്കാരശേഷം ആളുകൾ പിരിഞ്ഞ് വീട്ടിലെത്തിയില്ല. അതിനുമുമ്പേ അല്ലാഹുവിന്റെ അനുഗ്രഹം നാട്ടിൽ വർഷിച്ചു. സമൃദ്ധമായ മഴമൂലം ആളുകൾ വലിയൊരു വിപത്തിൽ നിന്ന് രക്ഷപ്പെട്ടു. പരിഹസിച്ച പലരിലും പരിവർത്തനമുണ്ടാകാൻ ഈ മഴ കാരണമായി എന്നത് സന്തോഷകരമായ വസ്തുത തന്നെയാണ്.

പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മൗലവിയുടെ കഴുത്തിലേക്ക് തീകൊടുത്ത മാലപ്പടക്കമെറിഞ്ഞ പൊന്നാനി പ്രസംഗനാൾ...! രാത്രി മൂന്ന് മണിക്ക് മൗലവി രണ്ടത്താണിയിലെ വീട്ടിലെത്തുമ്പോൾ എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. മൗലവി വാതിലിൽ മുട്ടിയപ്പോൾ ഭാര്യ നല്ല ഉറക്കച്ചടവിൽ വന്ന് വാതിൽ തുറന്നു, മൗലവിയാണെന്ന് കണ്ടപ്പോൾ അവർ അമ്പരന്നു. നാല് ദിവസത്തെ തുടർപരിപാടിക്ക് പോയ ആൾ ആദ്യദിവസം തന്നെ തിരിച്ചെത്തിയിരിക്കുന്നതാണ് അത്ഭുതപ്പെടാൻ കാരണം. അതേപ്പറ്റി ഭാര്യ ചോദിച്ചപ്പോൾ മൗലവി പറഞ്ഞു:

'ഒന്നുമില്ല. പരിപാടി നാളെ വേണ്ടാന്ന് തീരുമാനിച്ചു. അപ്പൊ പോന്നതാണ്.'

അകത്തേക്ക് കയറിയ മൗലവി ഭാര്യയോട് മെല്ലെ ചോദിച്ചു: 'ഇവിടെ ഭക്ഷണം എന്തെങ്കിലുമുണ്ടോ?'

'ങ്ങള് പൊന്നാനിക്കാര് വന്ന് വിളിച്ചാല് ഒന്നും ആലോചിക്കാതെ എറങ്ങിപ്പോകും... ങ്ങക്കൊരാൾക്ക് ചോറ് തരാന് ഓരെക്കൊണ്ട് കയ്യൂലേ...?'

അപ്പോഴത്തെ രോഷത്തിൽ മൗലവിയുടെ ഭാര്യ പ്രതികരിച്ചതിങ്ങനെയായിരുന്നു. വീട്ടിലാണെങ്കിൽ ചോറോ കഞ്ഞിയോ ഒന്നുമില്ല. ഉണ്ടാക്കാമെന്ന് വച്ചാൽ അതിനുവേണ്ട സാധനങ്ങളുമില്ല. എന്തു ചെയ്യുമെന്നാലോചിക്കുമ്പോൾ മൗലവി ദയനീയമായി പറഞ്ഞു: 'അവര് ഭക്ഷണം തരാത്തതു കൊണ്ടൊന്നുമല്ല, ഞാന് എളുപ്പം എത്താൻ വേണ്ടി പോന്നതാണ്. ഇവിടെ ചായേ, വെള്ളോ എന്തെങ്കിലുമുണ്ടോ?'

ഭാര്യ ഉടൻ ചായയുണ്ടാക്കിക്കൊടുത്തു. കുടിക്കുന്നതിനിടയിൽ, ഇത്രവേഗം യോഗം അവസാനിപ്പിക്കാനുള്ള കാരണത്തെപ്പറ്റി നിർബന്ധിച്ച് ചോദിച്ചപ്പോൾ മൗലവി ചിരിച്ചുകൊണ്ട് വീട്ടിന്റെ ഇറയിലേക്ക് വിരൽ ചൂണ്ടി. അവിടെ മേൽപുരയിൽ ഉണ്ടപോലെന്തോ തിരുകിവെച്ചിരിക്കുന്നു. പുറത്തെടുത്തപ്പോൾ കുപ്പായവും തുണിയുമാണെന്ന് മനസ്സിലായി. നിവർത്തി നോക്കിയപ്പോൾ ഭാര്യയാകെ അമ്പരന്നുപോയി. കുപ്പായത്തിലും തുണിയിലും നിറയെ ചോരപ്പാടുകൾ, നിറയെ അഴുക്കും ചെളിയും! പോരാത്തതിന് മുഴുവനും കീറിയിരിക്കുന്നു!

പൊന്നാനിയിൽ നിന്ന് മടങ്ങിവന്ന മൗലവി, തനിക്ക് പറ്റിയ മുറിവുകൾ കഴുകി ചോര കളഞ്ഞ്, ചോര പുരണ്ട വസ്ത്രം അഴിച്ച് മറ്റൊന്നെടുത്ത് വൃത്തിയായ ശേഷമാണ് ഭാര്യയെ വിളിച്ചത്. ചോരപുരണ്ട വസ്ത്രത്തോടെ തന്നെക്കണ്ടാൽ ഭാര്യയും മക്കളും പരിഭ്രമിച്ചേക്കുമോ എന്നായിരുന്നു മൗലവിയുടെ പേടി.

മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ് അൽപം രക്തം കയറ്റണമെന്ന് ഡോ

> **ഒരു കൊടും വേനൽകാലം, കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും നാട്ടിൽ ഏക ആശ്രയമായ കിണറുകളെല്ലാം വറ്റി. കുടിനീർപോലും കിട്ടാതെ ജീവജാലങ്ങളൊന്നാകെ വിഷമിച്ച വർഷം. രണ്ടത്താണിയിലെ ബഹുഭൂരിപക്ഷം വരുന്ന യാഥാസ്ഥിതികർ മഴക്ക് വേണ്ടി, കൊടികളുമേന്തി മമ്പുറത്തേക്ക് പുണ്യയാത്ര നടത്തിനോക്കി. ഫലമൊന്നുമില്ല. വെള്ളം കിട്ടാതെ ജീവികൾ വിഷമിക്കുകയാണ്. അടുത്ത വെള്ളിയാഴ്ച മൗലവി ഖുത്ബയിൽ ജനങ്ങളിലെ തെറ്റായ വിശ്വാസങ്ങളെപ്പറ്റി സൂചിപ്പിച്ചുകൊണ്ട്, മഴക്ക് വേണ്ടി അല്ലാഹുവോടാണ് പ്രാർഥിക്കേണ്ടതെന്ന് പഠിപ്പിച്ചു. മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവഹിക്കാനായി ഒരു ദിവസം നിശ്ചയിച്ചു. വിവരമറിഞ്ഞ യാഥാസ്ഥിതികർ പരിഹാസവുമായി രംഗത്ത് വന്നു. തീരുമാനിക്കപ്പെട്ട ദിവസം ഒരു മൈതാനിയിൽ സ്ത്രീകളും കുട്ടികളുമെല്ലാമടങ്ങുന്ന ചെറിയൊരു സംഘം നമസ്കാരം തുടങ്ങി. ദീർഘമായ നസ്കാരശേഷം ആളുകൾ പിരിഞ്ഞ് വീട്ടിലെത്തിയില്ല. അതിനുമുമ്പേ അല്ലാഹുവിന്റെ അനുഗ്രഹം നാട്ടിൽ വർഷിച്ചു. സമൃദ്ധമായ മഴമൂലം ആളുകൾ വലിയൊരു വിപത്തിൽ നിന്ന് രക്ഷപ്പെട്ടു. പരിഹസിച്ച പലരിലും പരിവർത്തനമുണ്ടാകാൻ ഈ മഴ കാരണമായി എന്നത് സന്തോഷകരമായ വസ്തുത തന്നെയാണ്.**

കൂർ പറഞ്ഞു. റിട്ടയേർഡ് ഡി.എം.ഒ ആയിരുന്ന ഡോ. റാബിയ അന്ന് രണ്ടത്താണിയിലുണ്ടായിരുന്നു. അവരായിരുന്നു ചികിത്സ, അൻസാരിയുടെ മകൻ നസീമിന്റെ എ. പോസിറ്റീവ് രക്തം തന്നെ കയറ്റി.

ആഗസ്റ്റ് ഇരുപതാം തിയതിയാണ് അസുഖം കലശലായത്. അന്ന് വൈകിട്ട് ഗ്ലൂക്കോസ് കയറ്റേണ്ടി വരുമെന്ന് ഡോക്ടർ പറഞ്ഞതനുസരിച്ച് അൻസാരി ഗ്ലൂക്കോസുമായി വന്നപ്പൊഴേക്കും മൗലവിക്ക് കലശലായ ശ്വാസംമുട്ടൽ തുടങ്ങിയിരുന്നു. അപ്പോഴേക്കും സി.പി.ഉമർ സുല്ലമിയും ചെമ്മാട്ടുനിന്നും ഡോ. അബൂബക്കറും എത്തിയിരുന്നു. ഓക്സിജൻ കൊടുത്താൽ തരക്കേടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. എല്ലാം പെട്ടന്നുതന്നെ ശരിയായി. ഓക്സിജൻ കൊടുത്തു തുടങ്ങി മൂന്നു മിനുട്ടു കഴിഞ്ഞപ്പോഴേക്കും അതെടുക്കാൻ മൗലവി തിടുക്കം കൂട്ടി.

'ഉപ്പാ, ഓക്സിജനാണ്. ഇത് വെച്ചാൽ അൽപം ആശ്വാസമുണ്ടാകും'- അൻസാരി പറഞ്ഞു.

'മോനേ, ആ ആശ്വാസം ഉപ്പാക്കു വേണ്ട. ഉപ്പാക്ക് അല്ലാഹു നൽകുന്ന ആശ്വാസം മാത്രം മതി' അതായിരുന്നു മൗലവി അവസാനം പറഞ്ഞ വാചകം.

അതുവരെ അൻസാരിയുടെ ചുമലിൽ ചാരിയാണ് മൗലവി കിടന്നത്. രാത്രി ഒമ്പതുമണികഴിഞ്ഞു കാണും. അതുവരെ ഓടിത്തളർന്ന് അൻസാരിയും ക്ഷീണിച്ചിരുന്നു. 'നീ പോയി എന്തെങ്കിലും കഴിച്ചിട്ടു വന്നോളൂ'- ഡോക്ടർ അബൂബക്കർ പറഞ്ഞു. അൻസാരി അകത്തുപോയി. മകളുടെ ഭർത്താവ് അബ്ദുസ്സമദിന്റെ ചുമലിൽ ചാരിക്കിടന്ന മൗലവി തനിക്കു കിടക്കണമെന്നു പറഞ്ഞു. അസുഖം കലശലായ ശേഷം ആദ്യമായാണ് മൗലവി കിടക്കണമെന്നു പറയുന്നത്. 'ലാ ഇലാഹ ഇല്ലല്ലാഹ്' മൗലവിയുടെ ചുണ്ടുകൾ മന്ത്രിച്ചു. ഇതിനിടെ ഇശാഅ് നമസ്കരിക്കാൻ പോയിരുന്ന സി.പി.ഉമർ സുല്ലമി മടങ്ങിയെത്തി. 'അസ്സലാമു അലൈക്കും' സി.പി സലാം ചൊല്ലിയാണു കയറിയത്. സെയ്ദ് മൗലവി പ്രത്യഭിവാദ്യമായി കൈയുയർത്തിയെങ്കിലും ശബ്ദമൊന്നും പുറത്തുവന്നില്ല. രാത്രി പതിനൊന്നേ പത്തിനായിരുന്നു മൗലവി ഈ ലോകത്തോട് യാത്ര പറഞ്ഞത്.



അസുഖമായി കിടക്കുന്ന വിവരം പത്രത്തിൽ കൊടുക്കുന്നതിനു പലരും സമ്മതം ചോദിച്ചെങ്കിലും മൗലവി സമ്മതിച്ചിരുന്നില്ല. അറിഞ്ഞവർ വന്നോട്ടെ എന്നായിരുന്നു മൗലവിയുടെ നിലപാട്. എങ്കിലും കേട്ടറിഞ്ഞ് നിത്യവും ധാരാളം പേർ എത്തി. ഓരോദിവസവും നൂറും നൂറ്റമ്പതും ഇരുന്നൂറും പേർ കാണും. മൗലവിയുമായി ബന്ധമുള്ള മിക്ക ആളുകളും ഇങ്ങനെ എത്തിയിരുന്നു.

മൗലവി മരിച്ച വിവരം പിറ്റേദിവസം രാവിലെ റേഡിയോ വാർത്തയിൽ പറഞ്ഞു. സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുമുള്ള വമ്പിച്ചൊരു ജനാവലി മൗലവിയുടെ ജനാസയിൽ പങ്കെടുക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുമെത്തിയിരുന്നു. 1990 ആഗസ്റ്റ് 21ന് വൈകുന്നേരം നാലു മണിയോടെ മയ്യിത്ത് നമസ്കാരത്തിനു ശേഷം അദ്ദേഹം നാലു പതിറ്റാണ്ടു കാലത്തോളം സേവനമനുഷ്ഠിച്ച രണ്ടത്താണി മസ്ജിദുറഹ്മാനി പള്ളിയുടെ കബ്ർ സ്ഥാനിൽ മയ്യിത്ത് ഖബ്റടക്കി.

**(അവസാനിച്ചു)**

അബൂതൻവീൽ
mail@nerpatham.com

ലേഖനം




# ‘പരിഗണന’യെ പരിഗണിക്കുക

സാമൂഹ്യജീവിയായ മനുഷ്യൻ പരിഗണനയും അംഗീകാരവും ആഗ്രഹിക്കുന്നവനാണ്. ബന്ധങ്ങളുടെ ഭദ്രതയ്ക്കും സന്തോഷവും സമാധനവും നിറഞ്ഞ ജീവിതത്തിനും വ്യക്തികൾ പരസ്പരം പരിഗണിച്ച് കൊണ്ടുള്ള സഹവർത്തിത്വം അനിവാര്യമാണ്. അത്തരത്തിലുള്ള പെരുമാറ്റരീതിയും ജീവിതശൈലിയും വിശ്വാസികൾ സ്വീകരിക്കണമെന്ന് ഇസ്‌ലാം നിഷ്കർശിക്കുന്നു,

മാതാപിതാക്കളോടുള്ള ബാധ്യതകളെ സംബന്ധിച്ച ക്വുർആനിക അധ്യാപനം ഇതിന് ഉത്തമോദാഹരണമാണ്. പ്രായമുള്ളവരെയും പാണ്ഡിത്യമുള്ളവരെയും ഉന്നത സ്ഥാനീയരെയും അർഹിക്കുന്ന ആദരവോടെ കാണേണ്ടതുണ്ട്. പ്രായത്തിൽ ഇളയവരോട് കരുണ കാണിക്കുവാനും അനാഥർ, അഗതികൾ, ദുർബലർ തുടങ്ങിയവരോട് അനുകമ്പ കാ

ണിക്കുവാനും നബിﷺ കൽപിച്ചതിലൂടെ ഓരോരുത്തർക്കും അർഹിക്കുന്ന പരിഗണന ലഭിക്കുന്നു.

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക" (ക്വുർആൻ 17:23).

നബിﷺ പറഞ്ഞു: "നമ്മിലെ ഇളയവരോട് കാരുണ്യം കാണിക്കാത്തവരും മുതിർന്നവരോട് ബഹുമാനം കാണിക്കാത്തവരും നമ്മിൽപെട്ടവരല്ല" (തിർമിദി).

അവശതയുടെ ഘട്ടമായ വാർധക്യത്തിൽ അർഹമായ പരിഗണനയും ആദരവും വൃദ്ധർക്ക് ലഭിക്കേണ്ടതുണ്ട്.

നബിﷺ പറഞ്ഞു: "ഒരു യുവാവ് ഒരു വൃദ്ധനെ അദ്ദേഹത്തിന്റെ പ്രായം പരിഗണിച്ച് ആദരിച്ചാൽ ഈ യുവാവ് വൃദ്ധനാകുമ്പോൾ അവനെ ആദരിക്കുന്നവരെ അല്ലാഹു ഉണ്ടാക്കുന്നതാണ്" (തിർമിദി).

ജാബിറി(റ)ൽനിന്ന് നിവേദനം: "നബിﷺ യാത്രയ്ക്കിടയിൽ പലപ്പോഴും പിന്തിച്ചുനിൽക്കുന്നത് കാണാം. എന്നിട്ട് ശക്തികുറഞ്ഞവരെ (ക്ഷീണിച്ച് കുഴഞ്ഞ് ഒപ്പമെത്താൻ കഴിയാത്തവരെ) അവിടുന്ന് ഒപ്പം കൂട്ടും. അത്തരക്കാരെ തന്റെ വാഹനപ്പുറത്ത് പിന്നിൽ കയറ്റിയിരുത്തുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുമായിരുന്നു അവിടുന്ന്" (അബൂദാവൂദ്).

ഉപരിസൂചിത പ്രവാചക വചനങ്ങളിൽനിന്ന് 'പരിഗണന' എന്നതിന് ഇസ്‌ലാം നൽകിയ പ്രാധാന്യം നമുക്ക് ദർശിക്കാനാകും. 'പരിഗണന'യുടെ അഭാവത്തിന് നിലവിലെ അണുകുടുംബാന്തരീക്ഷവും സാമൂഹിക ചുറ്റുപാടും ആക്കംകൂട്ടുന്നുവെന്നത് ഒരു വസ്തുതയാണ്. ഇവിടെയാണ് പ്രവാചകാധ്യാപനങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടത്.


എത്രത്തോളമെന്നാൽ നമസ്‌കാരത്തിന് നേതൃത്വം നൽകുന്നവരോട് ദുർബലരായ ആളുകളെയും പ്രായം ചെന്നവരെയും ചെറിയ കുട്ടികളെയും പരിഗണിച്ച് നമസ്‌കാരം ലഘൂകരിക്കണമെന്ന് നബിﷺ നിർദേശിച്ചിട്ടുണ്ടെന്ന് ഹദീഥ് ഗ്രന്ഥങ്ങളിൽ നമുക്ക് കാണാൻ സാധിക്കും.

വിശ്വാസിയുടെ ഓരോ പ്രവർത്തനവും സമൂഹത്തിലെ മറ്റംഗങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണം. മറ്റുള്ളവർക്കു പ്രയോജനപ്പെടുന്നതായിരിക്കണം. അതിനു കഴിയില്ലെങ്കിൽ ബുദ്ധിമുട്ടാക്കാതിരിക്കുകയെ ങ്കിലും വേണം.

നബിﷺ പറഞ്ഞു: "നിങ്ങൾ അസ്ത്രവുമായി പള്ളിയിലൂടെയോ അങ്ങാടിയിലൂടെയോ നടക്കുക യാണെങ്കിൽ മറ്റുള്ളവർക്ക് അതുകാരണം അപകടം പിണയാതിരിക്കാൻ അതൊഴിവാക്കുക. അല്ലെങ്കിൽ അതിന്റെ മുന പിടിച്ചുവയ്ക്കുക" (ബുഖാരി, മുസ്‌ലിം).

വളരെ നിസ്സാരമാണു കാര്യം. പക്ഷേ, സാമൂഹിക ജീവതത്തിൽ ഈ നിസ്സാര കാര്യം പോലുമുണ്ടാക്കുന്ന പ്രതിഫലനം മുൻകൂട്ടി കണ്ടുകൊണ്ടുള്ള അധ്യാപനങ്ങളാണ് ഇസ്‌ലാമിന്റെത്. ഇന്ന് അതിരാവിലെ ബസ്സിൽ കയറിയാൽ പണിയായുധങ്ങളുമായി തിക്കിത്തിരക്കി പാഞ്ഞുകയറുന്ന അന്യസംസ്ഥാന തൊഴിലാളികളെ കാണാം. അവരുടെ പക്കൽ മൂർച്ചയുള്ളതും അല്ലാത്തതുമായ പല ആയുധങ്ങളുമുണ്ടാകും. ബസ്സിലെ മറ്റു യാത്രക്കാർക്ക് അപകടം പിണയാതിരിക്കാൻ ഇത്തരത്തിൽ ആയുധങ്ങളുമായി സഞ്ചരിക്കുന്നവരെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്.

നബിﷺ പറഞ്ഞു: "ജനങ്ങളോടു കരുണ കാണിക്കാത്തവനോട് അല്ലാഹു കരുണ കാണിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).



വിശ്വാസികൾ പരസ്പരമുള്ള ബാധ്യതകൾ എണ്ണിപ്പറഞ്ഞേടത്തും പരിഗണനയുടെ പ്രാധാന്യം വ്യക്തമാകും. 'സലാം ചൊല്ലിയാൽ മടക്കുക, രോഗിയായൽ സന്ദർശിക്കുക, മരിച്ചാൽ ജനാസയെ അനുഗമിക്കുക, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക. തുമ്മിയാൽ തുമ്മിയവനു വേണ്ടി പ്രാർഥിക്കുക; അതിന് പ്രതിവചിക്കുക...' സാമൂഹിക ബന്ധം സുദൃഢമാക്കുന്ന കാര്യങ്ങളാണ് ഇവയെല്ലാം.

മക്കളെ വളർത്തുന്നതുമായി ബന്ധപ്പെട്ട് വന്ന പ്രവാചക വചനങ്ങളിൽ പരിഗണനയുമായി ബന്ധപ്പെട്ട് വന്ന ധാരാളം നിർദേശങ്ങൾ നമുക്ക് കാണാൻ സാധിക്കും.

ഒരിക്കൽ പ്രവാചകൻﷺ ഒരു സദസ്സിൽ ഇരിക്കെ കുടിക്കാനായി ലഭിച്ച പാൽ അൽപം ബാക്കിയായി. പ്രവാചകന്റെ വലതുഭാഗത്ത് ഒരു ചെറിയ കുട്ടിയായിരുന്നു ഇരുന്നിരുന്നത്. പ്രവാചകൻﷺ ആ കുട്ടിയോട് ചോദിച്ചു: 'ഇത് ഞാൻ വലിയവർക്ക് നൽകട്ടെ?' ആ കുട്ടി പറഞ്ഞു: 'ഇല്ല പ്രവാചകരേ, അതിന് ഞാൻ തന്നെയാണ് അർഹൻ.' അങ്ങനെ പ്രവാചകൻﷺ ആ കുട്ടിക്കുതന്നെ അത് കൊടുത്തു.

ഈ സംഭവത്തിൽനിന്നും രണ്ട് കാര്യം മനസ്സിലാക്കാം: 'അതൊരു കുട്ടിയല്ലേ' എന്ന ചിന്തയിൽ നബിﷺ ആ കുട്ടിയെ പരിഗണിക്കാതെ വിട്ടില്ല, അവനോട് അനുവാദം ചോദിച്ചു. ഏതൊരു കാര്യത്തിലും വലതുഭാഗത്തെ മുന്തിക്കണം.

പ്രവാചകൻﷺ നമസ്കാരത്തിലായിരിക്കെ പേരക്കിടാങ്ങൾ മുതുകിൽ കയറി കളിക്കുകയും അവിടുന്ന് അവർക്കുവേണ്ടി സാവകാശം കാണിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ നമ്മുടെ വീട്ടിൽ അതിഥികൾ വന്നാൽ അവരുമായി നാം സംസാരിക്കുന്ന സമയത്ത് നമ്മുടെ മക്കളോ പേരക്കുട്ടികളോ അവിടേക്ക് വന്നാൽ അവരെ പരിഗണിക്കാതിരിക്കുകയും ഒരുപക്ഷേ, ഒച്ചവെച്ച് അവരെ ഭയപ്പെടുത്തി പറഞ്ഞയക്കുകയുമാണ് ചെയ്യാറുള്ളത്.

സ്നേഹം, ആദരവ്, ദയ, അംഗീകാരം ഇവയൊക്കെ വിശ്വാസിയുടെ ജീവിതത്തിൽ നില നിർത്തിപ്പോരേണ്ട സദ്ഗുണങ്ങളാണ്. ഔപചാരികമായ നാട്യങ്ങൾക്ക് ആത്മാർഥ ബന്ധത്തിൽ ഒരു സ്ഥാനവുമില്ല. നാട്യങ്ങളല്ല പ്രധാനം; വ്യക്തികൾക്കിടയിലെ രൂഢമൂലമായ സ്നേഹമാണ്.

തന്റെ കൂടെ ജോലി ചെയ്യുന്നവരോടാണെങ്കിലും കീഴിൽ പ്രവർത്തിക്കുന്നവരോടായാലും ഓരോരുത്തരും അർഹിക്കുന്ന പരിഗണനയും ബഹുമാനവും ആദരവും അനുവദിച്ചുകൊടുക്കുന്നിടത്താണ് വിശ്വാസിയുടെ വിജയം.

ആത്മാർഥമായ സ്നേഹം സ്വാർഥ താൽപര്യങ്ങൾക്കതീതമാണ്. വ്യക്തിപരമായ താൽപര്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി പ്രകടമാക്കുന്ന സ്നേഹം അധികവും കപടമായിരിക്കും. വിശ്വാസിയുടെ സ്നേഹം ആത്മാർഥമായിരിക്കണം. മാനവസ്നേഹത്തിന്റെ ഉദാത്തതലങ്ങളിലാണു സാമൂഹിക ബന്ധത്തിന്റെ അടിത്തറ നിലകൊള്ളുന്നത്. ഇസ്‌ലാം വിശാലമായ സ്നേഹ സാമ്രാജ്യത്തിലേക്കു മനുഷ്യസമൂഹത്തെ നയിക്കുന്നു.

സത്യവിശ്വാസത്തിന്റെ മാധുര്യം നുകരാൻ സാധിക്കുക മൂന്നു ഗുണങ്ങൾ ഒരാളിൽ ഉണ്ടാകുമ്പോഴാണ് എന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്:


ഒന്ന്, മറ്റെല്ലാവരെക്കാളും അല്ലാഹുവിനോടും പ്രവാചകനോടും സ്നേഹമുണ്ടാവുക. രണ്ട്, അല്ലാഹുവിനു വേണ്ടി പരസ്പരം സ്നേഹിക്കുക. മൂന്ന്, നരകത്തിലെറിയപ്പെടും പ്രകാരം-അല്ലാഹു അവനെ രക്ഷപ്പെടുത്തിയിട്ടും-സത്യനിഷേധത്തിലേക്ക് മടങ്ങുന്നതിൽ വെറുപ്പ് തോന്നുക. (ബുഖാരി, മുസ്‌ലിം).

ജീവിതം സൗകര്യപ്രദവും പ്രയാസരഹിതവുമാക്കിത്തീർക്കുന്നത് സാമ്പത്തികമോ കായികമോ ആയ സഹായംകൊണ്ട് മാത്രമല്ല, ജീവിതത്തിന്റെ സുഗമമായ നിലനിൽപിനാവശ്യമായ എന്തും -അത് മാനസിക പിന്തുണയാണെങ്കിലും- സഹായമാണ്. സാമൂഹിക ബന്ധത്തിന്റെ തേട്ടമാണത്. ആളുകൾക്കിടയിൽ യോജിപ്പുണ്ടാക്കലും നന്മ ഉപദേശിക്കലും തിന്മ തടയലും വിഷമമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കലും നല്ലവാക്കു പറഞ്ഞു സന്തോഷിപ്പിക്കലുമെല്ലാം സഹായമാണ്. ആവശ്യക്കാരന്റെ ആവശ്യം എന്താണോ അത് നൽകലാണ് അവനുള്ള സഹായം.

പ്രവാചകൻﷺ പറഞ്ഞു: "ആരെങ്കിലും ഒരു വിശ്വാസിയുടെ ഐഹിക സങ്കടം തീർത്തുകൊടുത്താൽ അല്ലാഹു അവന്റെ പാരത്രിക സങ്കടങ്ങളിലൊന്നു തീർത്തുകൊടുക്കും. നിർധനനെ ആരെങ്കിലും ആശ്വസിപ്പിച്ചാൽ ഇഹത്തിലും പരത്തിലും അല്ലാഹു അവന് ആശ്വാസം നൽകുന്നതാണ്. ആരെങ്കിലും മുസ്‌ലിമിന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ അല്ലാഹു ഇഹത്തിലും പരത്തിലും അവന്റെ ന്യൂനതകളും മറച്ചുവയ്ക്കും. ഒരാൾ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അല്ലാഹു അവനെയും സഹായിച്ചുകൊണ്ടിരിക്കും" (മുസ്‌ലിം).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ഹുദയ്ബിയ കരാറിന്റെ പ്രസക്തി

മുഹമ്മദ് നബിﷺ 52

അല്ലാഹുവിന്റെ നാമംകൊണ്ട് എഴുതിത്തുടങ്ങാൻ നബിﷺ അലി(റ)യോട് കൽപിച്ചു. അത് സുഹയ്‌ലിന് പിടിച്ചില്ല. അദ്ദേഹം അത് എതിർത്തു. 'ബിസ്മില്ലാഹ്' എന്നതിന്റെ കൂടെ 'അർറഹ്മാനിർറഹീം' എന്ന് ചേർക്കുവാൻ തയ്യാറായില്ല. ആയിരത്തിലധികം വരുന്ന സ്വഹാബിമാർ ഈ രംഗത്തിന് സാക്ഷികളാണ്. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന് തന്നെ ഞങ്ങൾ എഴുതും എന്നായി അവർ.

പരസ്പരം തർക്കമായി. കരാർ തെറ്റിപ്പിരിയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങി. ഉടനെ നബിﷺ അലി(റ)യോട് 'ബിസ്മികല്ലാഹുമ്മ' (അല്ലാഹുവേ, നിന്റെ നാമത്തിൽ) എന്ന് എഴുതിക്കൊള്ളുക എന്ന് പറഞ്ഞു. അതിന്റെ പേരിൽ ഒരു പ്രശ്നം നടക്കരുത്. കരാർ മുടങ്ങരുത് എന്നതായിരുന്നു നബിയുടെ വലിയ ആഗ്രഹം.

'അല്ലാഹുവിന്റെ റസൂലായ മുഹമ്മദ്' എന്ന പ്രയോഗവും മുശ്‌രിക്കുകൾക്ക് അസ്വീകാര്യമായിരുന്നു. 'താങ്കൾ അല്ലാഹുവിന്റെ റസൂലാണ് എന്ന് ഞങ്ങൾക്ക് അറിയാമെങ്കിൽ താങ്കളെ ഞങ്ങൾ പി

ന്നുടരുമല്ലോ. അത് ഞങ്ങൾക്ക് അറിയുമെങ്കിൽ താങ്കളെ ഞങ്ങൾ കഅ്ബയെ തൊട്ട് എന്തിന് തടുക്കണം? എന്തിന് താങ്കളോട് യുദ്ധം ചെയ്യണം? അതിനാൽ താങ്കളുടെ പിതാവിലേക്ക് ചേർത്ത് മുഹമ്മദ് ഇബ്നു അബ്ദുല്ലാഹ് എന്ന് എഴുതിക്കൊള്ളുക' എന്നായി സുഹയ്ൽ. 'എന്നാൽ ഞാൻ കരാറിന് ഉണ്ടായിരിക്കുന്നതാണ്. മറിച്ചാണെങ്കിൽ ഈ കരാറിന് ഞാനില്ല'-സുഹയ്ൽ പിടിവാശി കാണിച്ചു.

ഇതും സുഹയ്ലിന് അനുവദിച്ച് കൊടുക്കരുത് എന്ന് മുസ്‌ലിംകൾ നബിﷺയോട് ആവശ്യപ്പെടുന്നു. 'അവർ എന്നെ കളവാക്കിയാലും ഞാൻ അല്ലാഹുവിന്റെ റസൂൽ തന്നെയല്ലയോ' എന്ന ചോദ്യത്തിനു മുന്നിൽ അവർ അടങ്ങി. അങ്ങനെ 'മുഹമ്മദ് ഇബ്നു അബ്ദുല്ലാഹ്' എന്ന് എഴുതുവാൻ അനുവദിച്ചു.

മുസ്‌ലിംകൾക്കും കഅ്ബക്കും ഇടയിലുള്ള വിലക്കുകൾ നീക്കി അതിനെ ത്വവാഫ് ചെയ്യാൻ മുസ്‌ലിംകൾക്ക് സമ്മതം നൽകണം എന്നതാണ് അടുത്തതായി നബിﷺ അലി﵁യോട് എഴുതാനായി കൽപിക്കുന്നത്. അതും സുഹയ്ൽ സമ്മതിച്ചില്ല. സുഹയ്ൽ പറഞ്ഞു: 'ഈ പ്രാവശ്യം നിങ്ങൾ കഅ്ബയിലേക്ക് പ്രവേശിച്ചാൽ മുഹമ്മദും കൂട്ടരും കഅ്ബ പെട്ടെന്നുതന്നെ പിടിച്ചെടുത്തു എന്നും മക്കക്കാർ മുഹമ്മദിന് വഴങ്ങി എന്നും അറബികൾ സംസാരിക്കും. അത് ഞങ്ങൾക്ക് അപമാനമാണ്. അതിനാൽ ഈ വർഷം അത് വേണ്ട. അടുത്ത വർഷം വന്ന് നിങ്ങൾ കഅ്ബ ത്വവാഫ് ചെയ്തുകൊള്ളുക.' ഇത് കേട്ടപ്പോൾ മുസ്‌ലിംകൾക്ക് വിഷമമായി. അവർ സമ്മതിച്ചില്ല. ഈ തവണ തന്നെ ഉംറ നിർവഹിക്കാൻ അവർ നബിﷺയോട് പറഞ്ഞു. എന്നാൽ സുഹയ്ൽ പറഞ്ഞത് പോലെ അടുത്ത വർഷം വന്ന് ഉംറ ചെയ്യുക എന്നത് കരാറായി എഴുതാൻ അലി﵁യോട് നബിﷺ കൽപിച്ചു. അദ്ദേഹം അത് എഴുതി.

അടുത്ത കരാർ എഴുതാൻ പറഞ്ഞത് സുഹയ്ലായിരുന്നു. മക്കയിൽനിന്ന് മുസ്‌ലിമായി നബിﷺയുടെ അടുത്തേക്ക് അഭയംതേടി വന്നാൽ അവരെ സ്വീകരിക്കാൻ പാടില്ലെന്നും മക്കയിലേക്ക് തന്നെ അയാളെ തിരിച്ചു വിടണമെന്നും എന്നാൽ മുസ്‌ലിംകളിൽനിന്ന് വല്ലവരും മക്കയിലേക്ക് വന്നാൽ അവരെ തിരിച്ചു തരികയുമില്ല എന്നുമായിരുന്നു സുഹയ്ൽ പറഞ്ഞ കരാർ. മുസ്‌ലിംകൾ ഇത് കേട്ടപ്പോൾ അമ്പരന്നു. അവർ അതിനെ ചോദ്യം ചെയ്തു: 'ഇത് എന്ത് കരാറാണ്? മുസ്‌ലിമായി ഒരാൾ വന്നാൽ ഞങ്ങൾ അയാളെ സ്വീകരിക്കാൻ പാടില്ലെന്നോ? അയാളെ മക്കയിലേക്ക് തന്നെ തിരിച്ചയക്കണമെന്നോ? സമ്മതിക്കില്ല. തികച്ചും ഏകപക്ഷീയമായ കരാറല്ലേ ഇത്? അല്ലാഹുവിന്റെ റസൂലേ, ഈ കരാറും നാം അംഗീകരിക്കുകയാണോ?'

നബിﷺ പറഞ്ഞു: 'അതെ. കാരണം, നമ്മിൽനിന്ന് അവരിലേക്ക് വല്ലവനും പോയാൽ അല്ലാഹു അവനെ അകറ്റുന്നതാണ്. എന്നാൽ അവരിൽനിന്ന് വല്ലവനും നമ്മുടെ അടുത്തേക്ക് വന്നാൽ അല്ലാഹു അവന് ഒരു പോംവഴിയും തുറവിയും നൽകുന്നതാണ്.'

ഇത് കേട്ടപ്പോൾ സ്വഹാബത്തിന് ആശ്വാസമായി. അല്ലാഹുവിൽ തവക്കുൽ ചെയ്ത് ആ കരാറും നബിﷺ അംഗീകരിച്ചു. എഴുത്ത് കഴിയും മുമ്പ് അബൂജന്ദൽ﵁ അവിടേക്ക് പ്രവേശിക്കുന്നു. അദ്ദേഹം ശത്രുക്കളുടെ അടുക്കൽ ആമം വെക്കപ്പെട്ടിട്ടുണ്ടായിരുന്നു.

നബിﷺയുടെ കൂടെ ശത്രുഭാഗത്ത് നിന്നും കരാർ എഴുതിക്കൊണ്ടിരിക്കുന്ന സുഹയ്ലിന്റെ മകനാണ് അബൂ ജന്ദൽ﵁. മക്കയിൽവെച്ച് ഇസ്‌ലാം സ്വീകരിച്ച്, അതിന്റെ കാരണത്താൽ പിതാവ് ഉൾപ്പെടെയുള്ള ശത്രുക്കളുടെ തല്ലും കുത്തും ചവിട്ടും എല്ലാം ഏറ്റുവാങ്ങി, മദീനയിലേക്ക് ഹിജ്റ പോകാൻ സമ്മതിക്കാതെ, ചങ്ങലയിൽ ബന്ധിക്കപ്പെട്ട് തടവിലാക്കപ്പെട്ട ആളായിരുന്നു അബൂജന്ദൽ﵁. എങ്ങനെയോ ചങ്ങല പൊട്ടിച്ച് ശത്രുക്കളുടെ കണ്ണിൽ പെടാതെ, ശത്രുക്കളുമായി നബിﷺ കരാർ എഴുതുന്ന ഹുദയ്ബിയ



യിലേക്ക് വേച്ചുവേച്ച് അദ്ദേഹം എത്തിയിരിക്കുകയാണ്. അബൂ ജന്ദൽ ﵁ മുസ്‌ലിംകൾക്കിടയിൽ വന്ന് വീഴുകയായിരുന്നു.

മകനെ കണ്ടമാത്രയിൽ പിതാവ് സുഹയ്ൽ മുഖത്ത് ശക്തമായി അടിച്ചു. എന്നിട്ട് സുഹയ്ൽ നബി ﷺ യോട് പറഞ്ഞു: 'ഇതാ, ഇത് എന്റെ മകനാണ്. ആദ്യത്തെ ഈ കരാർ അവന്റെ മേലാണ്. അവനെ എന്നിലേക്ക് മടക്കിത്തരണം. നമ്മുടെ തീരുമാനത്തിലെ ഒന്നാമത്തേത് നടപ്പിലാക്കേണ്ട സന്ദർഭമാണിത്. അതിനാൽ വേഗം നടപ്പിലാക്കണം.' അപ്പോൾ നബി ﷺ സുഹയ്‌ലിനോട് പറഞ്ഞു: 'സുഹയ് ലേ, നാം കരാർ എഴുതിത്തുടങ്ങിയിട്ടല്ലേ ഉള്ളൂ; തീർന്നിട്ടില്ലല്ലോ.' ഇത് കേട്ടപ്പോൾ സുഹയ്ൽ കോപാകുലനായി. ഇങ്ങനെയെങ്കിൽ ഞാൻ കരാറുമായി മുന്നോട്ടില്ലെന്ന് പറഞ്ഞു. അങ്ങനെ സുഹയ്ൽ കരാർ എഴുത്ത് നിർത്തി അവിടെനിന്നും പോകാൻ തയ്യാറെടുത്തു. അബൂജന്ദലിന്റെ കാര്യത്തിൽ മാത്രം ഒരു ഇളവ് അനുവദിച്ചു കൂടേ എന്ന് നബി ﷺ സുഹയ്‌ലിനോട് ചോദിച്ചു. ഒരിക്കലും സമ്മതിക്കില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. അവസാനം സുഹയ്‌ലിന്റെ വാശി ജയിച്ചു. അബൂജന്ദലി ﵁ നെ തിരിച്ചയച്ചു.

വീണ്ടും എന്നെ മുശ്‌രിക്കുകളുടെ കൈകളിലേക്ക് ഏൽപിക്കുകയാണോ എന്ന് അബൂജന്ദൽ വിലപിച്ചു. ദേഹമാസകലമുള്ള ക്രൂരമായ പീഡനത്തിന്റെ പാടുകളും മുറിവുകളും അദ്ദേഹം മുസ്‌ലിംകൾക്ക് കാണിച്ചുകൊടുത്തു. ആ സമയത്ത് നബി ﷺ അദ്ദേഹത്തെ സമാധാനിപ്പിച്ചു: 'അബൂജന്ദൽ! ക്ഷമിച്ചേക്കുക, പ്രതിഫലം ആഗ്രഹിച്ചേക്കുക. തീർച്ചയായും അല്ലാഹു താങ്കൾക്ക് ഒരു തുറവിയും പോംവഴിയും ഉണ്ടാക്കിത്തരുന്നവനാണ്. നിനക്കും നിന്നെപോലെ മക്കയിൽ ശത്രുക്കളാൽ പീഡിപ്പിക്കപ്പെടുന്ന അടിച്ചമർത്തപ്പെട്ട മുഴുവൻ പേർക്കും അല്ലാഹു ഒരു വഴി കാണിക്കുന്നതാണ്.'

അബൂജന്ദൽ ﵁ തേങ്ങിക്കരഞ്ഞ് അവിടെനിന്നും മടങ്ങിപ്പോകുന്ന രംഗം കണ്ടപ്പോൾ ഉമർ ﵁ നബി ﷺ യെ സമീപിച്ചു. എന്തിന് നാം നമ്മുടെ മതത്തിന്റെ കാര്യത്തിൽ ശത്രുവിന് ഇങ്ങനെ വിട്ടുവീഴ്ച നൽകണം എന്നും ഉംറ ചെയ്യാൻ അടുത്തവർഷം വരെ എന്തിന് കാത്തിരിക്കണമെന്നും അദ്ദേഹം ചോദിച്ചു.

തുടർന്ന് ഉമർ ﵁ അബൂബക്‌റി ﵁ ന്റെ അടുത്ത് ചെന്ന് നബി ﷺ യോട് ചോദിച്ചത് അദ്ദേഹത്തോടും ആവർത്തിച്ചു. നബി ﷺ മറുപടി നൽകിയത് പോലെ അബൂബക്‌റും മറുപടി നൽകി. അല്ലാഹുവിന്റെ റസൂൽ ﷺ എടുത്ത ഒരു തീരുമാനത്തെ പറ്റി ചോദ്യം ചെയ്തതിൽ ഉമറി ﵁ ന് വലിയ ദുഃഖമായി. അത് അദ്ദേഹത്തിന്റെ മനസ്സിനെ പിടിച്ചുലച്ചിരുന്നു. അതിന് പ്രായശ്ചിത്തമെന്നോണം അദ്ദേഹം കുറെ നോമ്പനുഷ്ഠിക്കുകയും ദാനധർമങ്ങൾ ചെയ്യുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തു.

രേഖകൾ എഴുതി പരസ്പരം കൈമാറി. തുടർന്ന് നബി ﷺ സ്വഹാബിമാരോട് എഴുന്നേറ്റ് ബലിയറുക്കുവാനും തല മുണ്ഡനം ചെയ്യുവാനും കൽപിച്ചു. ഇഹ്‌റാമിലാണല്ലോ എല്ലാവരും. അതിൽനിന്ന് ഒഴിവാകണമെങ്കിൽ തല മുണ്ഡനം ചെയ്യണം. എന്നാൽ ആരും എഴുന്നേൽക്കുന്നില്ല. ദുഃഖഭാരത്താൽ അവർക്ക് എഴുന്നേൽക്കാൻ കഴിയുന്നില്ല. ആ രൂപത്തിലാണ് അബൂജന്ദലി ﵁ നെ മക്കയിലേക്ക് തിരിച്ചയച്ചിരിക്കുന്നത്. നബി ﷺ മൂന്ന് തവണ ആവർത്തിച്ചു. നബി ﷺ ക്ക് വിഷമമായി. അനുചരന്മാർ വിഷമത്താൽ ഒന്നും ഉൾകൊള്ളാൻ



കഴിയാത്ത അവസ്ഥയിലാണ്. അത് അനുസരണക്കേടായിരുന്നില്ല. എന്ത് ചെയ്യണം എന്നറിയാതെ നബിﷺ പത്നി ഉമ്മു സലമ رضي الله عنها യുടെ അടുത്ത് ചെന്ന് വിഷമം പറഞ്ഞു. അപ്പോൾ ഉമ്മു സലമ رضي الله عنها നബിﷺക്ക് ഒരു തന്ത്രം പറഞ്ഞുകൊടുത്തു: 'അങ്ങ് ആദ്യം എഴുന്നേൽക്കുക. ഒരാളോടും ഒന്നും പറയാതെ നിങ്ങൾ നിങ്ങളുടെ ബലിമൃഗത്തെ അറുക്കുക. അതുപോലെ അങ്ങയുടെ ക്ഷുരകനെയും വിളിക്കുക. എന്നിട്ട് അദ്ദേഹം അങ്ങയുടെ മുടി നീക്കുകയും ചെയ്യട്ടെ.' നബിﷺ അതുപ്രകാരം ചെയ്തു. അതോടെ എല്ലാവരും എഴുന്നേറ്റു. അറവ് നടത്തി. പരസ്പരം തല മുണ്ഡനം ചെയ്തു.

മുടി നന്നായി നീക്കിയവർക്കായി നബിﷺ മൂന്ന് തവണയും വെട്ടി ചെറുതാക്കിയവർക്ക് ഒരു തവണയും അവിടെവെച്ച് പ്രാർഥിക്കുകയും ചെയ്തു. ഇഹ്റാമിൽനിന്ന് ഒഴിവാകുമ്പോൾ തല മുണ്ഡനം ചെയ്യലാണ് കൂടുതൽ പ്രതിഫലാർഹം എന്ന് ഇതിലൂടെ നബിﷺ സ്വഹാബിമാരെ പഠിപ്പിക്കുകയും ചെയ്തു.

പത്തു കൊല്ലം ഇനി പരസ്പരം യുദ്ധം പാടില്ല എന്നതായിരുന്നു അതിലെ രണ്ടാമത്തെ കരാർ. എല്ലാവരും നിർഭയരായി കഴിയണം. ആരും ആരെയും ആക്രമിക്കുവാൻ പാടില്ല. മോഷണമില്ല, വഞ്ചനയില്ല... എല്ലാവരും അവരുടെ മതം പ്രബോധനം നടത്തട്ടെ. ആരും ആരെയും ബുദ്ധിമുട്ടിക്കരുത്. കച്ചവടത്തിന് അങ്ങോട്ടും ഇങ്ങോട്ടും വരവും പോക്കുമെല്ലാം ആകാം. മാത്രമല്ല, നബിﷺയുടെ സംഘത്തിലുള്ളവർക്ക് ക്വുറയ്ശികളിലും ക്വുറയ്ശികളിൽ ഉള്ളവർക്ക് നബിﷺയുടെ സംഘത്തിലും ചേരാം. അതിന്റെ അടിസ്ഥാനത്തിൽ പല അറബി ഗോത്രങ്ങളും നബിﷺയുടെ സംഘവുമായി സഖ്യത്തിലായി. വേറെ ചില ഗോത്രങ്ങൾ ക്വുറയ്ശികളുടെ കൂടെയും സഖ്യങ്ങളായി ചേർന്നു. ഈ വർഷം ഇവിടെനിന്ന് മടങ്ങി പ്പോകുകയും അടുത്ത വർഷം വന്ന് ഉംറ നിർവഹിക്കുകയും ചെയ്യാം. അന്ന് മൂന്ന് ദിവസം മക്കയിൽ തങ്ങുകയും ചെയ്യാം. അത് കഴിഞ്ഞ് തിരിച്ചുപോകുകയും വേണം. ഉംറക്ക് വരുമ്പോൾ കൈയിൽ ഉറയിലുള്ള വാളല്ലാതെ മറ്റു യുദ്ധോപകരണങ്ങൾ ഒന്നും ഉണ്ടാകരുത് എന്നും നിർദേശിച്ചിരുന്നു. എല്ലാം നബിﷺ സമ്മതിച്ചു. പത്തൊമ്പത് ദിവസമോ അല്ലെങ്കിൽ ഇരുപത് ദിവസമോ അവിടെ തങ്ങിയതിന് ശേഷം നബിﷺയും സ്വഹാബിമാരും മദീനയിലേക്ക് മടങ്ങാൻ ഒരുങ്ങി.

## ചില ഹുദയ്ബിയാ വിശേഷങ്ങൾ

ഹുദയ്ബിയ സന്ധിയുടെ ബാഹ്യവശം നോക്കുന്നവർക്ക് മുസ്‌ലിംകൾ ശത്രുക്കളുടെ മുമ്പിൽ എല്ലാം അടിയറ വെച്ച് ഭീരുക്കളായി മാറിയ അവസ്ഥയാണ് തോന്നുക. എന്നാൽ അല്ലാഹുവിന്റെ

“ ഹുദയ്ബിയ സന്ധിയുടെ ബാഹ്യവശം നോക്കുന്നവർക്ക് മുസ്‌ലിംകൾ ശത്രുക്കളുടെ മുമ്പിൽ എല്ലാം അടിയറ വെച്ച് ഭീരുക്കളായി മാറിയ അവസ്ഥയാണ് തോന്നുക. എന്നാൽ അല്ലാഹുവിന്റെ പ്രത്യേകമായ കാവലുള്ള പ്രവാചകൻല ആണല്ലോ ആ കരാറുകൾ എഴുതാൻ നിർദേശിച്ചത്. അതിനാൽതന്നെ ഹുദയ്ബിയ സന്ധിയുടെ പര്യവസാനം മറ്റൊരു നിലയ്ക്കായിരുന്നു. അഥവാ, ഈ കരാറുകളിലൂടെ മുസ്‌ലിം ലോകത്തിന് വലിയ വിജയമാണ് അല്ലാഹു സമ്മാനിച്ചത്. ഹുദയ്ബിയയിൽനിന്നുള്ള മടക്കയാത്രയിൽ അല്ലാഹു നബിലക്ക് ഒരു അധ്യായം ഇറക്കിക്കൊടുത്തു. ആ അധ്യായമാണ് സൂറതുൽ ഫത്ഹ്. ”

പ്രത്യേകമായ കാവലുള്ള പ്രവാചകൻﷺ ആണല്ലോ ആ കരാറുകൾ എഴുതാൻ നിർദേശിച്ചത്. അതിനാൽതന്നെ ഹുദയ്ബിയ സന്ധിയുടെ പര്യവസാനം മറ്റൊരു നിലയ്ക്കായിരുന്നു. അഥവാ, ഈ കരാറുകളിലൂടെ മുസ്‌ലിം ലോകത്തിന് വലിയ വിജയമാണ് അല്ലാഹു സമ്മാനിച്ചത്.

ഹുദയ്ബിയയിൽനിന്നുള്ള മടക്കയാത്രയിൽ അല്ലാഹു നബിﷺക്ക് ഒരു അധ്യായം ഇറക്കിക്കൊടുത്തു. ആ അധ്യായമാണ് സൂറതുൽ ഫത്ഹ്.

“തീർച്ചയായും നിനക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു. നിന്റെ പാപത്തിൽനിന്ന്മുമ്പ് കഴിഞ്ഞുപോയതും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തുതരുന്നതിനു വേണ്ടിയും അവന്റെ അനുഗ്രഹം നിനക്ക് നിറവേറ്റിത്തരുന്നതിനു വേണ്ടിയും നിന്നെ നേരായ പാതയിലൂടെ നയിക്കുന്നതിന് വേണ്ടിയുമാകുന്നു അത്. അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിനക്ക് നൽകാൻ വേണ്ടിയും” (48:1-3).



ഈ സൂക്തങ്ങൾ ഇറക്കപ്പെട്ട സമയത്ത് അല്ലാഹുവിന്റെ റസൂൽﷺ സ്വഹാബിമാരോട് പറഞ്ഞു: ‘ഈ രാത്രിയിൽ എനിക്ക് ഒരു സൂറത്ത് ഇറക്കപ്പെട്ടിരിക്കുന്നു. സൂര്യൻ ഉദിച്ചിട്ടുള്ള ദിവസങ്ങളിൽ എനിക്ക് ഏറെ പ്രിയങ്കരമായതാകുന്നു അത്’ (ബുഖാരി).

ഈ സൂറത്ത് ഇറക്കപ്പെട്ടതിൽ നബിﷺക്ക് ഏറെ സന്തോഷം ഉണ്ടായി. കാരണം, ഈ സൂറത്തിന്റെ തുടക്കത്തിൽതന്നെ പറയുന്നത് ‘നബിയേ, അങ്ങേക്ക് നാം പ്രത്യക്ഷമായ ഒരു വിജയം തന്നിരിക്കുന്നു’ എന്നാണ്. ശത്രുക്കളുടെ മുമ്പിൽ പരാജിതരായി എല്ലാം നാം അടിയറവെച്ച് പോയോ, നാം ഭീരുക്കളായോ, നാം സത്യത്തിന്റെ കക്ഷികളും അവർ അസത്യത്തിന്റെ കക്ഷികളും ആയിട്ട് പോലും മക്കയിലേക്ക് പ്രവേശിക്കുവാൻ പോലും പറ്റാതെ പരാജിതരായോ തുടങ്ങിയ ചിന്തകളായിരുന്നു സ്വഹാബിമാരുടെ മനസ്സിൽ ഈ സന്ധിയെ പറ്റി ഉണ്ടായിരുന്നത്. ഈ രൂപത്തിലുള്ള വിഷമത്താൽ കഴിയുന്ന സ്വഹാബിമാർക്ക് നബിﷺ ഈ വചനങ്ങൾ ഓതിക്കേൾപിക്കുകയാണ്.

ഈ ആയത്തിനെ പറ്റി അനസ്ؓ വിവരിക്കുന്നത് ഇപ്രകാരമാണ്: ‘അങ്ങേക്ക് നാം പ്രത്യക്ഷമായ ഒരു വിജയം തന്നിരിക്കുന്നു.’ (അത്) ഹുദയ്ബിയ ആകുന്നു. നബിﷺയുടെ അനുചരന്മാർ പറഞ്ഞു: ‘സന്തോഷം, സന്തോഷം, ഞങ്ങൾക്ക് എന്താണ് ഉള്ളത്?’ അപ്പോൾ അല്ലാഹു (ഈ ക്വുർആൻ സൂക്തം) ഇറക്കി: ‘താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തിൽ സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പ്രവേശിപ്പിക്കുന്നതിന് വേണ്ടി’ (അൽഫത്ഹ് 5). (ബുഖാരി)

സത്യവിശ്വാസികൾക്ക് എന്തിന് വേണ്ടിയാണ് അല്ലാഹു ഈ വിജയം നൽകിയത്? ചെയ്തുപോയതും വരാനിരിക്കുന്നതുമായ പാപങ്ങൾ നബിﷺക്ക് അല്ലാഹു പൊറുത്തുനൽകുന്നതിന് വേണ്ടിയും, അല്ലാഹുവിന്റെ അനുഗ്രഹം അവിടുത്തേക്ക് പരിപൂർണമാക്കുന്നതിനും, ചൊവ്വായ മാർഗത്തിൽ അവിടുത്തെ നയിക്കുന്നതിന് വേണ്ടിയും, അന്തസ്സുറ്റ ഒരു സഹായം അല്ലാഹു അവിടുത്തേക്ക് നൽകുന്നതിന് വേണ്ടിയുമാകുന്നു. അല്ലാഹു നബിﷺക്ക് നൽകുന്ന നാല് കാര്യങ്ങൾ ഇവിടെ എണ്ണിപ്പറഞ്ഞിരിക്കുകയാണല്ലോ. ഇത് അവർ കേട്ടപ്പോൾ അവർക്ക് ആശ്വാസവും ആനന്ദവുമായി. കാരണം, അല്ലാഹു ഇതിനെ സംബന്ധിച്ച് പ്രത്യക്ഷമായ വിജയം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ സ്വഹാബിമാർക്ക് അത് വലിയ സന്തോഷമായി. അല്ലാഹുവിന്റെ റസൂലിﷺനുള്ള നാല് കാര്യങ്ങളാണല്ലോ ആദ്യ വചനങ്ങളിൽ അല്ലാഹു സൂചിപ്പിക്കുന്നത്. അതിനാൽ സ്വഹാബിമാർ നബിﷺയോട് ചോദിച്ചു: ‘ഞങ്ങളുടെ കാര്യത്തിൽ അല്ലാഹു എന്താണ് പറഞ്ഞിരിക്കുന്നത്?’ അപ്പോൾ ‘സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിന് വേണ്ടിയും അവരുടെ തെറ്റുകൾ അല്ലാഹു മായ്ക്കുന്നതിന് വേണ്ടിയും ആകുന്നു’ എന്ന ഭാഗം അല്ലാഹു ഇറക്കി.

നബിﷺയുടെ മഹത്ത്വം വിവരിക്കപ്പെട്ടിട്ടുള്ള ഒരു അധ്യായമാണ് ഇത്. പ്രവാചക ചരിത്രത്തിലെ ഏറ്റവും വലിയ വിജയത്തെ പറ്റി ഉണർത്തുന്ന അധ്യായം. ഹുദയ്ബിയ സന്ധി മുഖേന വലിയ വിജയം തന്നെയാണ് മുസ്‌ലിംകൾക്ക് ലഭിച്ചത് എന്നത് ചരിത്രം വെളിപ്പെടുത്തിയിട്ടുള്ള ഒരു യാഥാർഥ്യം തന്നെയാണ്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 52, ഭാഗം 5

# അത്ത്വൂർ

(മക്കയിൽ അവതരിച്ചത്)

38. അതല്ല, അവർക്ക് (ആകാശത്തുനിന്ന്) വിവരങ്ങൾ ശ്രദ്ധിച്ചുകേൾക്കാൻ വല്ല കോണിയുമുണ്ടോ? എന്നാൽ അവരിലെ ശ്രദ്ധിച്ച് കേൾക്കുന്ന ആൾ വ്യക്തമായ വല്ല പ്രമാണവും കൊണ്ടുവരട്ടെ.

39. അതല്ല, അവന്നു(അല്ലാഹുവിനു)ള്ളത് പെൺമക്കളും നിങ്ങൾക്കുള്ളത് ആൺമക്കളുമാണോ?

40. അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധ്യതയാൽ ഭാരം പേറേണ്ടവരായിരിക്കുകയാണോ?

41. അതല്ല, അവർക്ക് അദൃശ്യജ്ഞാനം കരഗതമാവുകയും അത് അവർ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ടോ?

42. അതല്ല, അവർ വല്ല കുതന്ത്രവും നടത്താൻ ഉദ്ദേശിക്കുകയാണോ? എന്നാൽ സത്യനിഷേധികളാരോ അവർ തന്നെയാണ് കുതന്ത്രത്തിൽ അകപ്പെടുന്നവർ.

43. അതല്ല, അവർക്ക് അല്ലാഹുവല്ലാത്ത വല്ല ദൈവവുമുണ്ടോ? അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനായിരിക്കുന്നു.

44. ആകാശത്തുനിന്ന് ഒരു കഷ്ണം വീഴുന്നതായി അവർ കാണുകയാണെങ്കിലും അവർ പറയും: അത് അടുക്കടുക്കായ മേഘമാണെന്ന്.

45. അതിനാൽ അവർ ബോധരഹിതരായി വീഴ്ത്തപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ നീ അവരെ വിട്ടേക്കുക.

أَمْ لَهُمْ سُلَّمٌ يَسْتَمِعُونَ فِيهِ فَلْيَأْتِ
مُسْتَمِعُهُم بِسُلْطَٰنٍ مُّبِينٍ ﴿٣٨﴾
أَمْ لَهُ ٱلْبَنَٰتُ وَلَكُمُ ٱلْبَنُونَ ﴿٣٩﴾
أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٠﴾
أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤١﴾
أَمْ يُرِيدُونَ كَيْدًا فَٱلَّذِينَ كَفَرُوا هُمُ ٱلْمَكِيدُونَ ﴿٤٢﴾
أَمْ لَهُمْ إِلَٰهٌ غَيْرُ ٱللَّهِ سُبْحَٰنَ ٱللَّهِ عَمَّا يُشْرِكُونَ ﴿٤٣﴾
وَإِن يَرَوْا كِسْفًا مِّنَ ٱلسَّمَآءِ سَاقِطًا
يَقُولُوا سَحَابٌ مَّرْكُومٌ ﴿٤٤﴾
فَذَرْهُمْ حَتَّىٰ يُلَٰقُوا يَوْمَهُمُ ٱلَّذِى فِيهِ يُصْعَقُونَ ﴿٤٥﴾

46. അവരുടെ കുതന്ത്രം അവർക്ക് ഒട്ടും പ്രയോജനം ചെയ്യാത്ത, അവർക്ക് സഹായം ലഭിക്കാത്ത ഒരു ദിവസം.

47. തീർച്ചയായും അക്രമം പ്രവർത്തിച്ചവർക്ക് അതിനു പുറമെയും ശിക്ഷയുണ്ട്. പക്ഷേ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല.

48. നിന്റെ രക്ഷിതാവിന്റെ തീരുമാനത്തിന് നീ ക്ഷമാപൂർവം കാത്തിരിക്കുക. തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിലാകുന്നു. നീ എഴുന്നേൽക്കുന്ന സമയത്ത് നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക.

49. രാത്രിയിൽ കുറച്ച് സമയവും നക്ഷത്രങ്ങൾ പിൻവാങ്ങുമ്പോഴും നീ അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക.

يَوْمَ لَا يُغْنِي عَنْهُمْ كَيْدُهُمْ شَيْـًٔا وَلَا هُمْ يُنصَرُونَ ﴿٤٦﴾
وَإِنَّ لِلَّذِينَ ظَلَمُوا عَذَابًا دُونَ ذَٰلِكَ وَلَـٰكِنَّ
أَكْثَرَهُمْ لَا يَعْلَمُونَ ﴿٤٧﴾
وَاصْبِرْ لِحُكْمِ رَبِّكَ فَإِنَّكَ بِأَعْيُنِنَا ۖ
وَسَبِّحْ بِحَمْدِ رَبِّكَ حِينَ تَقُومُ ﴿٤٨﴾
وَمِنَ ٱلَّيْلِ فَسَبِّحْهُ وَإِدْبَـٰرَ ٱلنُّجُومِ ﴿٤٩﴾

38) (അതല്ല അവർക്ക് ആകാശത്തുനിന്ന് വിവരങ്ങൾ ശ്രദ്ധിച്ചുകേൾക്കാൻ വല്ല കോണിയുമുണ്ടോ?) അവർക്ക് അദൃശ്യം എത്തിപ്പിടിക്കാനും ഉപരിലോകത്ത് അത് ശ്രദ്ധിച്ചുകേൾക്കാനും അവർക്കാകുമോ? എന്നിട്ട് മറ്റാർക്കും അറിയാത്ത കാര്യങ്ങൾ അറിയിച്ചു കൊടുക്കാനും അവർക്ക് കഴിയുമോ? (എന്നാൽ അവരിൽ ശ്രദ്ധിച്ചുകേൾക്കുന്ന ആൾ കൊണ്ടുവരട്ടെ). അത് വാദിക്കുന്നവൻ (വ്യക്തമായ വല്ല പ്രമാണവും) അല്ലാഹുവാണ് ദൃശ്യവും അദൃശ്യവും അറിയുന്നവനെന്നിരിക്കെ, അവർക്കെങ്ങിനെ അത് കഴിയും? അവന്റെ അദൃശ്യങ്ങൾ അവനൊരാൾക്കും വെളിവാക്കിക്കൊടുക്കുകയില്ല. അവന്റെ അറിവിൽനിന്നും അവൻ അറിയിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നത് അവൻ തൃപ്തിപ്പെട്ട തന്റെ ദൂതന്മാർക്ക് അറിയിക്കുമെന്നല്ലാതെ. മുഹമ്മദ് നബിﷺ പ്രവാചകന്മാരിൽ ശ്രേഷ്ഠനും അറിവുള്ളവനും അവരുടെ നേതാവുമായിരിക്കുകയും, അല്ലാഹുവിന്റെ ഏകത്വവും താക്കീതും വാഗ്ദാനങ്ങളും മറ്റ് സത്യസന്ധമായ വിവരങ്ങൾ അറിയിക്കുന്നവനും കൂടിയാണ്. സത്യനിഷധികൾ ധിക്കാരത്തിന്റെയും വഴികേടിന്റെയും അജ്ഞതയുടെയും ആളുകൾ. ആരുടെ വർത്തമാനമാണ് സ്വീകരിക്കാൻ ഏറ്റവും കൂടുതൽ അർഹതയുള്ളത്. പ്രത്യേകിച്ചും പ്രവാചകൻ പൂർണ സത്യങ്ങളും ദൃഢബോധ്യമുള്ളതുമായ കാര്യങ്ങൾ തെളിവിന്റെയും പ്രമാണത്തിന്റെയും അടിസ്ഥാനത്തിൽ പറയുമ്പോൾ.

39) അല്ലാഹു പറയുന്നു (അതല്ല അവനുള്ള പെൺമക്കളോ) നിങ്ങൾ വാദിക്കുന്നതുപോലെ (നിങ്ങൾക്കുള്ളത് ആൺമക്കളുമാണോ). രണ്ട് തെറ്റുകൾ നിങ്ങൾ ഇവിടെ ഒരുമിപ്പിച്ചു. അവന് നിങ്ങൾ സന്താനങ്ങളെയുണ്ടാക്കി. അതിൽ രണ്ട് വർഗങ്ങളിൽ അപൂർണമായതിനെ അവന് നിങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

40) (നീ അവരോട് ചോദിച്ചിരിക്കുകയാണോ) ഓ പ്രവാചകരേ, (വലിയ പ്രതിഫലവും) ഈ ദൈവിക ദർശനം എത്തിച്ചുകൊടുക്കുന്നതിന് (എന്നിട്ട് അവർ കടബാധ്യതയാൽ ഭാരം പേറേണ്ടവരായിരിക്കുകയാണോ?) അത് ശരിയല്ല. ഒന്നും സ്വീകരിക്കാതെ പുണ്യപ്രവർത്തനമായി അവരെ പഠിപ്പിക്കാൻ അദ്ദേഹം അതീവ തല്പരനാണ്. എന്നാൽ നിന്റെ ഈ സന്ദേശം സ്വീകരിക്കാനും നിന്റെ നിർദേശങ്ങൾക്കും പ്രബോധനത്തിനും അവർ ഉത്തരം നൽകാനും നീ ധാരാളം സമ്പത്ത് ചെലവഴിക്കുകയും ചെയ്യണം.

41) (അതല്ല അവർക്ക് അദൃശ്യജ്ഞാനം കരഗതമാവുകയും അവരത് രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ടോ). അദൃശ്യജ്ഞാനം അവർ അറിഞ്ഞുകൊണ്ടിരിക്കുകയും നബിﷺക്ക് കിട്ടാത്തത് അവർക്ക് കിട്ടുകയും ചെയ്യുക എന്നിട്ട് അവരുടെ അടുക്കലുള്ള അദൃശ്യജ്ഞാനം കൊണ്ട് അവർ അദ്ദേഹത്തോട് ധിക്കാരവും എതിർപ്പും കാണിക്കുക. വഴിപിഴച്ചവരും അറിവില്ലാത്തവരും നിരക്ഷരരുമായവരാണവർ എന്നതും മറ്റാർക്കുമില്ലാത്ത വിജ്ഞാനത്തിന്റെ ഉടമയാണ് മുഹമ്മദ് നബിﷺ എന്നതും പ്രസിദ്ധമാണ്. ഒരു സൃഷ്ടിക്കും ലഭിക്കാത്ത അദൃശ്യജ്ഞാനും അദ്ദേഹത്തിന് അല്ലാഹു അറിയിച്ചുകൊടുക്കുകയും ചെയ്യുന്നു. കുഴപ്പം നിറഞ്ഞ അവരുടെ വാക്കുകൾക്കും എതിർപ്പുകൾക്കും പകരം ഉദ്ധരിക്കപ്പെടുന്നതും ബുദ്ധിപരവുമായ ഏറ്റവും വ്യക്തവും വൈരുധ്യങ്ങളില്ലാത്തതുമായ വഴിയെ അവലംബിക്കുകയാണ് വേണ്ടതെന്നാണ് ഇതിലെല്ലാമുള്ളത്.

42) (അതല്ല അവർ ഉദ്ദേശിക്കുകയാണോ?) നിന്റെ കാര്യത്തിലും നീ കൊണ്ടുവന്നതിലുമുള്ള എതിർപ്പ് കാരണം (വല്ല കുതന്ത്രവും) നിന്റെ മതത്തെ നിഷ്ഫലമാക്കുവാൻ നിന്റെ കാര്യങ്ങൾ കുഴപ്പത്തിലാക്കാനും (എന്നാൽ സത്യനിഷേധികളാരോ അവർ തന്നെയാണ് കുതന്ത്രത്തിൽ അകപ്പെടുന്നവർ). അ

താ‍യത് അവരുടെ കുതന്ത്രങ്ങൽ അവരിലേക്ക്ത ന്നെ തിരിച്ചുവരും. അവരുടെ ദ്രോഹങ്ങൾ അവരി ലേക്ക് മടങ്ങും. അത് ചെയ്യുന്നത് അല്ലാഹുവാണ്. അവനാണ് സ്തുതി. സത്യനിഷേധികൾ അവരുടെ കുതന്ത്രങ്ങളിൽ ഒന്നും പ്രയോഗിക്കാതിരിക്കാതെ ബാക്കിവെക്കുന്നില്ല. അപ്പോൾ അല്ലാഹുവിന്റെ പ്ര വാചകനെ അല്ലാഹു സഹായിക്കുന്നു. അവന്റെ ദീനിനെ വിജയിപ്പിക്കുന്നു. അവരെ ഒഴിവാക്കി അ വർക്കവൻ രക്ഷ നൽകുന്നു.

43)(അതല്ല അവർക്ക് അല്ലാഹു അല്ലാത്ത വല്ല ആരാധ്യനും ഉണ്ടോ?) ഉപകാരത്തെ ചോദിക്കാനും പ്രതീക്ഷിക്കാനും ഉപദ്രവത്തെ ഭയപ്പെടാനും വല്ല ആരാധ്യരും അല്ലാഹുവിന് പുറമെ അവർക്കുണ്ടോ? (അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനായിരിക്കുന്നു. ആധിപത്യ ത്തിൽ അവനൊരു പങ്കുകാരുമില്ല. ആരാധനയിലും അവന്റെ ഏകത്വത്തിലും പങ്കുകാരില്ല. എന്തിനാ ണോ ഈ വാചകം ഇവിടെ കൊണ്ടുവന്നത് അ തിന്റെ ഉദ്ദേശ്യമാണിത്. അത് അല്ലാഹു അല്ലാത്ത വർക്കുള്ള ആരാധന നിരർഥകമാണെന്നതാണ്. ഖ ണ്ഡിതമായ തെളിവുകളിലൂടെ അതിന്റെ അപകടം വ്യക്തമാക്കുന്നു. മുശ്‌രിക്കുകൾ ഏതൊന്നിലാണോ അത് അസത്യമാണ്. ആരാധിക്കപ്പെടേണ്ടവർ, ന മസ്കരിക്കേണ്ടതും അവനുവേണ്ടി സുജൂദ് ചെ യ്യപ്പെടുകയും, ആരാധനയായുള്ള പ്രാർഥനയ്ക്കും ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രാർഥനയും അ വനുമാത്രം ആരാധിക്കപ്പെടാൻ. അർഹതയുള്ളത് അല്ലാഹു മാത്രമാണ്. പൂർണനാമ ഗുണവിശേഷ ങ്ങളുടെ ഉടമ. നല്ല പ്രവർത്തനങ്ങളും വിശേഷ ണങ്ങളും ധാരാളമുള്ളവൻ. മറ്റാർക്കും ഉദ്ദേശിക്കാ നാവാത്ത പ്രതാപത്തിന്റെയും ഔദാര്യത്തിന്റെയും മഹത്വത്തിന്റെയും ഉടമ. ഒരുവനും ഏകനും, ഒറ്റ യും നിരാശ്രയനും ശ്രേഷ്ഠനും സ്തുത്യർഹനും മഹാനുമായവൻ.

44). അസത്യത്തിൽ തുടരുകയും സത്യത്തോട് ധിക്കാരം കാണിക്കുകയും വ്യക്തമായ സത്യത്തെ കളവാക്കുകയും ചെയ്യുന്ന മുശ്‌രിക്കുകളെക്കുറിച്ച് വിശദീകരിച്ച് അല്ലാഹു പറയുന്നു. എല്ലാ തെളിവും സത്യത്തിന് അനുകൂലമായാലും അതിനെയവർ പിൻപറ്റില്ല. അവർ അതിനോട് വിയോജിക്കുകയും ധിക്കാരം കാണിക്കുകയും ചെയ്യും (ആകാശത്തു നിന്ന് ഒരു കഷ്ണം വീഴുന്നതായി അവർ കാണുക യാണെങ്കിലും) വ്യക്തമായ ഒരു കഷ്ണമായി തെളി വുകൾ ആകാശത്തുനിന്ന് അവരുടെ മേൽ വീണാ ലും. അതായത് ശിക്ഷയുടെ വലിയൊരു കഷ്ണം. (അവർ പറയും അത് അടുക്കടുക്കായ മേഘമാണെ ന്ന്) ഇത് സാധാരണയുള്ള മേല്ക്കുമേൽ അടുക്ക ടുക്കായ മേഘമാണെന്ന്. അതായത് ദൃഷ്ടാന്തങ്ങ ളിൽനിന്നു അവർ കാണുന്നതിനെ അവർ പരിഗ ണിക്കില്ല. അതിന്നൊരു വിലയും കല്പിക്കില്ല.

45). ശിക്ഷയല്ലാതെ ഇക്കൂട്ടർക്ക് മറ്റൊരു മരു ന്നില്ല. അതിനാൽ (അതിനാൽ അവർ ബോധര ഹിതരായി വീഴ്ത്തപ്പെടുന്ന അവരുടെ ആ ദിവ സം. അവർ കണ്ടുമുട്ടുന്നതുവരെ നീ അവരെ വി ട്ടേക്കുക). ഉയിർത്തെഴുന്നേല്പ് നാളാണത്. വിശ ദീകരിക്കാനാവാത്ത അളവ് നിർണയിക്കപ്പെടാത്ത ശിക്ഷ സംഭവിക്കുന്ന ദിവസം.

46) (അവരുടെ കുതന്ത്രം അവർക്ക് ഒട്ടും പ്ര യോജനം ചെയ്യാത്ത) അല്പമോ അധികമോ ഇ ല്ല. ഇഹലോകത്താണെങ്കിൽ കുറച്ചുകാലംകുടി ജീ വിക്കാവുന്ന വല്ല തന്ത്രവും അവർക്ക് കണ്ടെത്താ നാകുമായിരുന്നു. എന്നാൽ ക്വിയാമത് നാളിൽ അ വരുടെ തന്ത്രങ്ങൾ പാഴായിപ്പോകും. പരിശ്രമങ്ങൾ നിഷ്ഫലമാകും. അല്ലാഹുവിന്റെ ശിക്ഷയിൽ നി ന്നാവട്ടെ അവർ രക്ഷ പ്രാപിക്കുകയില്ല (അവർ സഹായിക്കപ്പെടുകയുമില്ല)

47). പരലോകത്ത് അക്രമികൾക്കുള്ള ശിക്ഷ യെക്കുറിച്ച് പറഞ്ഞപ്പോൾ ക്വിയാമത് നാളിലെ ശി ക്ഷയ്ക്ക് മുമ്പ് ശിക്ഷയുണ്ടെന്ന് പറയുന്നു. അതിൽ കൊല്ലപ്പെടലും ബന്ധനത്തിലാകലും ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെടലും ക്വബ്റിലെയും ബർസ ഖിലെയും ശിക്ഷകളെല്ലാം ഉൾപ്പെടും (പക്ഷേ അ വരിൽ അധികപേരും മനസ്സിലാക്കുന്നില്ല). അതി നാലാണ് കഠിനശിക്ഷ ലഭിക്കുന്ന കാര്യങ്ങൾ അ വർ നിലനിർത്തുന്നത്.

48,49) നിഷേധികളുടെ സംസാരത്തിലെ നിരർ ഥകതക്കുള്ള പ്രമാണങ്ങളും തെളിവുകളും വ്യ ക്തമാക്കുമ്പോൾതന്നെ ഒരു നിലക്കും അതൊന്നും പരിഗണിക്കേണ്ടതില്ലെന്ന് നിർദേശിക്കുകയും ചെ യ്യുന്നു. മതപരവും അല്ലാഹുവിന്റെ തീരുമാനവു മെന്ന നിലക്കുള്ള എല്ലാവിധികളിലും ക്ഷമിക്കു ക. മതനിയമങ്ങളെ മുറുകെപ്പിടിച്ചും അതിൽ ശ രിയായി നിലകൊ ണ്ടുകൊണ്ടും തന്നെ അല്ലാഹു എല്ലാം നോ ക്കിക്കൊള്ളും എന്നും ഉറപ്പ് നൽകു ന്നു. (തീർച്ചയായും നീ നമ്മുടെ ദൃഷ്ടിയിലാകുന്നു). നോട്ടംകൊണ്ടും സംരക്ഷണംകൊണ്ടും നിന്റെ കാ ര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടും ആരാധനകൊണ്ടും ദി ക്റ്കൊണ്ടും ക്ഷമകൊണ്ടും അവനോട് സഹാ യം തേടാനും കല്പിക്കുന്നു. (നീ എഴുന്നേൽക്കു ന്ന സമയത്ത് നിന്റെ രക്ഷിതാവിനെ സ്തുതിക്കു ന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ നീ പ്രകീർ ത്തിക്കുകയും ചെയ്യുക) രാത്രിയിൽ എഴുന്നേല് ക്കുമ്പോൾ എന്നതിന് രാത്രി നമസ്കാരത്തിനുള്ള കല്പനയുണ്ട്. അല്ലെങ്കിൽ അഞ്ച് നേര നമസ്കാ രങ്ങൾക്ക് എഴുന്നേല്ക്കുമ്പോഴാകാം. തുടർന്നുള്ള ആയത്തിനെ തെളിവാക്കിക്കൊണ്ട് (രാത്രിയിൽ കു റച്ച് സമയവും നക്ഷത്രങ്ങൾ പിൻവാങ്ങുമ്പോഴും നീ അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക). രാ ത്രിയുടെ അന്ത്യത്തിൽ അതിൽ സ്വുബ്ഹ് നമസ് കാരം ഉൾപ്പെടും (അല്ലാഹുവിന്നറിയാം)

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# അനർഹമാകുന്ന വരുമാനം

മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റി മഴ പെയ്യുന്ന കാലം.

ഇടക്ക് വെയിൽ പരന്നു. അതിന് പതിവിൽ കവിഞ്ഞ ചൂട്. ഉച്ചച്ചൂടിൽ റോഡിന് വലതുവശം ചേർന്ന് ധൃതിയിൽ നടന്നു. റോഡിന്റെ എതിർ വശത്തുകൂടി മുൻ അധ്യാപകൻ നടന്നുപോകുന്നു. തൂവെള്ള മുണ്ടും ഷർട്ടും പതിവായി ധരിക്കാറുള്ള അദ്ദേഹം അന്ന് തിരക്കിലാണെന്ന് തോന്നി.

മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട സേവനത്തിന് ശേഷം വിരമിച്ചുവെങ്കിലും സഹകരണ മേഖലയിൽ ഇപ്പോഴും സജീവം. രാഷ്ട്രീയത്തിലും പിന്നിലല്ല. റോഡിനപ്പുറത്തേക്ക് ഉച്ചത്തിൽ വിളിച്ച് ലോഹ്യം പറയാൻ ഒരുങ്ങിയെങ്കിലും അദ്ദേഹം കയ്യിലെ വാരിക തലക്ക് മുകളിൽ പിടിച്ച് വെയിലിനെ പ്രതിരോധിച്ച് വിഷമിച്ച് നടക്കുന്നത് ശല്യപ്പെടുത്തേണ്ട എന്ന് കരുതി.

മാർക്കറ്റിൽ റോഡിനോട് ചേർന്ന സ്റ്റാളിൽനിന്ന് പച്ചമീൻ ഓർഡർ ചെയ്ത് അത് കഷ്ണം വെട്ടുന്നത് നോക്കി കാത്തിരിക്കുകയായിരുന്നു ഞാൻ.

മാഷ് അതാ ഒരു ഓട്ടോയിൽ വന്നിറങ്ങുന്നു. കാശ് എണ്ണിക്കൊടുക്കുന്നു. ‘സെക്കന്റുകൾകൊണ്ട് യാത്ര കഴിഞ്ഞോ’ എന്ന് ചോദിച്ച് ഞാൻ അടുത്ത് ചെന്നു. പതുക്കെ അദ്ദേഹം പറഞ്ഞു: ‘ഇപ്പോൾ കയറിയതേയുള്ളൂ.’

രണ്ട് കിലോമീറ്റർ അകലെയുള്ള തന്റെ വളപ്പിലേക്ക് പോയി ഉടൻ മടങ്ങിവരാൻ ഓട്ടോയിൽ കയറിയതാണ് അദ്ദേഹം. എന്നാൽ തനിക്ക് കാത്തുനിൽക്കാൻ പറ്റില്ല എന്ന് പറഞ്ഞ് 10 മീറ്റർ പോയി ഓട്ടോ നിർത്തി. മാഷെ ഓട്ടോയിൽനിന്ന് ഇറക്കി. 25 രൂപ വാടക എണ്ണി വാങ്ങി! നിയമപ്രകാരം തെറ്റില്ല എന്ന് വാദിക്കാം, എങ്കിലും മനസ്സാക്ഷി എന്ന ഒന്നിനോട് നീതി പുലർത്താൻ കഴിയുമോ? പാവം മാഷ്, എതിർത്ത് ഒന്നും ഉരിയാടാതെ ചോദിച്ച പണം കൊടുത്തു. അതിന് തർക്കിക്കാൻ നിന്നാൽ വഷളാകുകയേ ഉള്ളൂ എന്ന് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. മാഷ് ഓട്ടോക്കൂലി കൊടുത്തില്ല എന്നേ കാര്യം അറിയാത്തവർ കരുതൂ.

ബുക്കുകൊണ്ട് വെയിലിനെ മറച്ച് അദ്ദേഹം വേറെ ഓട്ടോ തിരഞ്ഞ് പോയി.

വല്ലാത്ത ലോകം! ഓട്ടോക്കാരനെ ഞാൻ ഒരു നോക്ക് കണ്ടിരുന്നു. പയ്യനാണ്. പ്രായമോ പക്വതയോ വന്നിട്ടില്ല. എങ്കിലും...

ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിയ പോലെ ആയില്ലേ? വേണമെങ്കിൽ പേരിനൊരു ചെറിയ തുക വാങ്ങി കാര്യം പരിഹരിക്കാമായിരുന്നു. മറ്റുള്ളവരുടെ മനസ്സ് കാണാനാകാതിരിക്കുക എന്നത് വല്ലാത്ത രോഗമാണ്. അത്തരമൊരു അനുഭവം അവനവന് വന്ന് ഭവിക്കുകയും മാനസികമായും സാമ്പത്തികമായും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുമ്പോഴേ വേദനയും വിഷമവും മനസ്സിലാകൂ.

സ്റ്റാന്റിൽ നിന്ന് വേറെ ഓട്ടോ പിടിച്ച് മാഷ് യാത്രയായി. കാര്യങ്ങളെല്ലാം മുൻകൂട്ടി പറഞ്ഞ് ഉറപ്പിച്ചിരിക്കണം. അനുഭവം ഗുരുവാണല്ലോ...

വിശ്വാസികൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. അനർഹമായി അന്യന്റെ നയാപൈസപോലും കൈവശപ്പെടുത്തിക്കൂടാ. അത് നാളെ പരലോകത്ത് വമ്പിച്ച ഖേദത്തിന് ഇടവരുത്തും.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 DECEMBER 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

വിപണിയിൽ

# നേർപഥം

സ്പെഷ്യൽ പതിപ്പ്

## കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100